ചിത്രോദയം

മലയാള പുരോഗമന വാരിക

വിഷയവിവരം.

കമ്മ്യൂണിസത്തിന്റെ തല—(കവിത)	പ്രേംജി	3
ജീവിതോത്സവത്തിന്റെ അവതാരിക—(ലേഖനം) വി. കരുണാകരൻനായർ ബി. എസ്സ്. സി. എൽ. ററി.		4
വീടുകളുടെ ആവശ്യം—(ലേഖനം)	കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട്	5
ഒസ്യത്ത്—(കവിത)	കെ. പി. ജി	6
പാവങ്ങൾ—ഒരാസ്വാദനം—	കെ. പാനൂർ	7
എനിക്ക ജീവനുണ്ടോ?—(ചെറുകഥ)	പി. കെ. രവീന്ദ്രനാഥ്	11
ഞാൻ മന്ത്രവാദിയായതു്—(ലേഖനം)	എസ്സ്. കെ. മാറാഴ്ർ	12
പതിമൂന്നാംപേജ്—	ബാലൻ	13
ഗ്രന്ഥവിഹാരം—	എസ്സ്. ഗുപ്തൻനായർ	15
ഗ്രന്ഥവിഹാരം—	കാരൂർ	16
തോട്ടിയും കെട്ടിയോളും—(ഏകാങ്കനാടകം)	ഹരീന്ദ്രനാഥ ചട്ടോപാദ്ധ്യായ	17
പ്രതിവിധി—(ചെറുകഥ)	പീററർ തോമ്മസ്	19
ഇങ്ങനും പാടില്ലേ?—(കവിത)	കാടൻപൂച്ച	22
ആററംബോംബ്—(കവിത)	കൂത്താട്ടുകുളം മേരി ജോൺ	22

XXV (21)

January 6, 1946

വില 2 ണ.

ഭദ്രദാരുതൈലം.

വാതരോഗങ്ങൾക്കു കൈകണ്ട മരുന്നു്. മരപ്പു്, തരിപ്പു്, കോട്ടൽ, സ്തംഭനം, നീർക്കെട്ടു് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

൨ ഔൺസ് കുപ്പി ൧—ക്കു് ൨ ഉറുപ്പിക

സിദ്ധൗഷധം.

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ടു്, കണ്ണുകുഴിഞ്ഞും, കവിളൊട്ടിയും വികൃതരൂപികളായവരും, ശീഘ്രസ്ഖലനത്താൽ നിരാശരായവരും, ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണി ഗുളികതന്നെ സേവിക്കണം. ഡസൻ ൧-ക്കു ൩ ഉറുപ്പികമാത്രം.

കെ. കെ. വൈദ്യൻ, ധന്വന്തരി വൈദ്യശാല,

കോട്ടയം, തിരുവിതാംകൂർ.

Manufactured by
G. V. PHARMACY,
Ettumanoor,
Travancore.

തച്ചുശാസ്ത്രം

സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ആ വിഷയത്തിൽ പണ്ടേയ്ക്കുപണ്ടേ പ്രസിദ്ധിനേടിയ കാണിപ്പയ്യൂർ മനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻ നമ്പൂതിരിപ്പാടവർകൾക്ക് എഴുതിയാൽമതി.

A. O. & P. O. കുന്നംകുളം.

ചിത്രോദയം

കമ്മ്യൂണിസ്റ്റിന്റെ തല *

(പ്രേംജി)

(മഹാകവി വള്ളത്തോൾ മാപ്പ് തരുമാറാകണം)

"എന്റെ തലവേണ-
മങ്ങയ്ക്കു സ്വല്പമെങ്കിൽ,
ഉന്നതകമ്മ്യൂണിസ്റ്റു-
വിദ്വേഷം മാറാനെങ്കിൽ,
എന്നിൽനിന്നതു കിട്ടാ-
നിത്രയും പ്രക്ഷോഭമോ?
സന്ന്യസ്തസർവൻ ഗാന്ധി-
തന്റെ നാട്ടാരല്ലീ നാം?
എത്ര നിസ്സാരം ഭവാൻ
കൊതിപ്പതീ:-യെൻ തല-
ശുഷ്കഭൗതികതത്ത്വത്തിൻ
കൊച്ചുമണ്ണപ്പം-ശ്രീമൻ,
നിർദ്വേഷബുദ്ധികൾക്കു
ശാന്തിചേർത്തീടുമെങ്കി-
ലിന്ത്യയ്ക്കു തെല്ലെങ്കിലും
കിട്ടുമല്ലോ സമാശ്വാസം.
ധൂർത്തസാമ്രാജ്യത്വത്തിൻ
മർദ്ദനമേറ്റാമൃത്യു-
ലാത്തിക്കു നേരെ മാറു
കാട്ടിയോരാ ലാലാജി,
ഇപ്പുള്ളോക്കാരാധ്യനാ-
ണെന്നാകി,ലീയെൻ തല
കൊയ്യുവാനായിട്ടങ്ങേ-
യ്ക്കെന്തിനീ വെപ്രാളങ്ങൾ?
ഇങ്ങെഴും കൃഷിക്കാർ തൻ
നന്മയ്ക്കായ്,പിടവെട്ടി-
ത്തങ്ങൾ തൻ താരുണ്യശ്രീ
പൂണ്ട ജീവനെപ്പോലും
കണ്ണൂരെക്കൊലമര-
ത്തിനു മേൽതൂക്കാനിട്ട
കയ്യൂരെസഖാക്കളേ
ഞങ്ങൾക്കു നേതാക്കന്മാർ!
തുച്ഛമാം പണത്തിനു
പകരം, പാർട്ടിക്കായ്,തൻ-
കൊച്ചുഗേഹത്തിന്നേക-
പ്രാണനാം പശുവേയും
പ്രേമത്തോടെപ്പോലോ-
മാതി തന്നീപ്പിള്ളാർന്ന
കോൾമയിർമുള മാഞ്ഞി-
ട്ടില്ലെന്റെ നാട്ടിന്നിന്നും!"
ഭാരതസ്വാതന്ത്ര്യക-
ത്തൂണ്ണിയാൽ, കമ്മ്യൂണിസ്റ്റു-
ചോരങ്ങൾക്കു നിഷ്നാവ
നീതികമാരോളോടായ്
കത്തിക്കക്കൊഞ്ഞുന്നോനോ
ടെന്നപോലലിവോലും
നെഞ്ഞാർന്നു ചൊല്ലീ
പുത്തൻ ശങ്കരാചാര്യർ വീണ്ടും—
"അന്യഥാ കരുതീടാ—
യ്ക്കന്യൂനദേശസ്നേഹിൻ,
ഭിന്നമാമഭിപ്രായം
താങ്ങാത്തതല്ലെൻ ശീർഷം
ഉത്തമസ്വരാജ്യക—
സേവകനങ്ങെന്നെന്നി—
ക്കൂറവൻ, സഹഭടൻ,
സകലംകൊണ്ടുമിതും
മുഷ്ടിമുറുക്കിന്ന
മുഷ്ടിയോടൊരുമിച്ചു
തരുന്നേനിതാ, ഭവാൻ
കൊതിച്ച ലക്ഷ്യദ്രവ്യം,
സഖാക്കളാരും ചാര—
ത്തില്ലാത്ത തക്കം നോക്കി,
—സഹജാ, സൂക്ഷിക്കണേ!—
കൊണ്ടുപോകിഷ്ടംപോലെ"

---

* ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയാൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ്നേതാവായ സഃ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിന്റെ തല താൻ സ്വീകരിക്കുമെന്ന് ഈയിടെ ഒരു ദേശീയവാദി പ്രസംഗിക്കയുണ്ടായി.

ജീവിതോത്സവത്തിന്റെ അവതാരിക

(വെള്ളങ്ങളത്തു കരുണാകരൻനായർ ബി എസ് സി, എൽ ററി, മദ്രാസ്)

വൃശ്ചികം 10-ാംനു--ലെ ചിത്രോദയത്തിൽ മി. ജി. ശങ്കരക്കുറുപ്പിന്റെ "വിലാസ ലഹരി" മൂന്നാം പതിപ്പിന്റെ നിരൂപണം ചേർത്തിരുന്നതു വായിച്ചപ്പോൾ അതിൽ പല അവാസ്തവ പ്രസ്താവനകളും അടങ്ങിയിരിക്കുന്നതായി കണ്ടതിനാലാണു് ഇതെഴുതുന്നതു്.

ഒന്നാമതായി "വിലാസലഹരി" ഉമർ ഖയ്യാമിന്റെ മൂലഗ്രന്ഥത്തിന്റെ ഒരു സ്വതന്ത്ര പരിവർത്തനമാണെന്നു് പറഞ്ഞിരിക്കുന്നതു ശരിയല്ല. ഉമറിന്റേതെന്നു പറഞ്ഞുവരുന്ന ശ്ലോകങ്ങൾ ആയിരത്തിൽപരം ഉണ്ടെന്നും ഫിററ്സ് ജെറാൾഡിന്റെ ഓരോ ശ്ലോകത്തിനും മൂലം കണ്ടുപിടിക്കുവാൻപോലും വിഷമമാണെന്നും മററും ഞാൻ ജീവിതോത്സവത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചിരിക്കെ ഈ പ്രസ്താവനയുടെ ആധാരം മനസ്സിലാകുന്നില്ല. നിരൂപകൻ ഉദ്ധരിച്ചിട്ടുള്ള ഇംഗ്ലീഷു് പദ്യങ്ങൾ പാരസീക ഭാഷയിൽനിന്നും നേരിട്ടുള്ള ഇംഗ്ലീഷ് വിവർത്തനങ്ങളാണോ? വിലാസ ലഹരി മൂന്നാം പതിപ്പിന്റെ മൂലം ഫിററ്സ് ജെറാൾഡിന്റെ ഇംഗ്ലീഷ് വിവർത്തനമല്ലെങ്കിൽ അതു ആരുടെ വിവർത്തനമാണെന്നു അറിയേണ്ടതുണ്ടു്. ഇംഗ്ലീഷിൽ ഉമർഖയ്യാമിന്റെ പദ്യങ്ങൾക്കു പല തർജ്ജിമകളും ഉണ്ടായിട്ടുള്ളതിൽ പലതിൽനിന്നും ഉദ്ധരണങ്ങൾ ജീവിതോത്സവത്തിന്റെ അവതാരികയിൽ സന്ദർഭവശാൽ ചേർത്തിട്ടുണ്ടു്. ഫ്രഞ്ചു ഭാഷയിൽനിന്നും ഉമറിന്റേതെന്നു പറയപ്പെടുന്ന 464 പദ്യങ്ങൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിരിക്കുന്ന ഒരു ഗ്രന്ഥം ഈയിടെ നോക്കിയപ്പോൾ ഫിററ്സ് ജെറാൾഡിന്റെ ദുസ്സ്വാതന്ത്ര്യം എത്രമാത്രമുണ്ടെന്നു് സ്പഷ്ടമായി മനസ്സിലാക്കുവാൻ എനിക്കു സാധിച്ചു. വിലാസ ലഹരി മൂന്നാം പതിപ്പു് ഉമർ ഖയ്യാമിന്റെ ശരിയായ ആശയ പരിവർത്തനം മാത്രമാണെങ്കിൽ പുതിയ തർജ്ജിമ ഏതു ഗ്രന്ഥത്തെ ആശ്രയിച്ചാണെന്നു് അറിയാൻ ആഗ്രഹമുണ്ടു്.

രണ്ടാമതു് ജീവിതോത്സവത്തിന്റെ അവതാരികക്കാരൻ എന്ന നിലയിൽ ആ ഗ്രന്ഥത്തോടു ഞാൻ പക്ഷപാതം കാണിച്ചിട്ടുള്ളതായി നിരൂപകൻ വായനക്കാരെ ധരിപ്പിക്കുന്നതു് അവാസ്തവമാണു്. മലയാളത്തിൽ ഉണ്ടായിട്ടുള്ള നാലു തർജ്ജിമകളുടേയും മൂലം എന്താണെന്നു എടുത്തു കാണിച്ചിട്ടുള്ളതുകൂടാതെ ഓരോ ഗ്രന്ഥത്തെപ്പററിയും ഞാൻ അവതാരികയിൽ ചേർത്തിട്ടുള്ള ലഘുവിമർശം പക്ഷപാതരഹിതമാണെന്നു സഹൃദയന്മാർ സമ്മതിക്കും. അവാസ്തവ പ്രസ്താവനകൾ കൊണ്ടു് തൻകാര്യം നേടാൻ ശ്രമിക്കുന്ന നിരൂപകന്മാരെപ്പററി എന്തു പറയട്ടെ! അവതാരികയിൽ കൊടുത്തിട്ടുള്ള അഭിപ്രായങ്ങൾ ചുവടേ ചേർക്കുന്നു.

"വിലാസലഹരിയിലെ പല ഭാഗങ്ങളും സരളവും കോമളവുമാണെങ്കിലും ചില ഭാഗങ്ങൾ കഠിനമാണെന്നും മൂലത്തേക്കാൾ ദുർഗ്രഹമാണെന്നും പറയാം. (അഭിപ്രായത്തിനു ആധാരവും കൊടുത്തിട്ടുണ്ടു്.) തെരഞ്ഞെടുത്തിട്ടുള്ള വൃത്തത്തിന്റെ ദൈർഘ്യം കൊണ്ടും പ്രകാശിപ്പിക്കേണ്ട ആശയത്തിന്റെ വിപുലതകൊണ്ടും വ്യാഖ്യാനം കൂടാതെ വായിച്ചാസ്വദിക്കത്തക്കവണ്ണം രസികരസായനം ലളിതമായിട്ടില്ലെന്നു പറയാതെ തരമില്ല. പണ്ഡിതന്മാർക്കാണു് അതു കൂടുതൽ രുചിക്കുന്നതു്. "ദീർഘപാദങ്ങളുടങ്ങിയ സംസ്കൃത വൃത്തമാകയാൽ ചിലപ്പോൾ വിടവടക്കാൻ അടിച്ചുനീട്ടിയിട്ടുണ്ടെങ്കിലും മൂലത്തിൽനിന്നു വലുതായി വ്യതിചലിക്കാതെയും എന്നാൽ മനോധർമ്മം നല്ലതിൻവണ്ണം പ്രയോഗിച്ചും എഴുതിയിട്ടുള്ള ജീവിതോത്സവം ഉമറിന്റെ റുബായിയാത്തു പോലെ അത്യന്തം ലളിതമായിട്ടുണ്ടെന്നു് അതിനു് ഒരു മെച്ചമുള്ളതു് ആരും സമ്മതിക്കും. ഫിററ്സ് ജെറാൾഡിന്റെ തർജ്ജിമയിലെ സ്ഥായിയായ രസം ഒരു നേരിയ വിഷാദമാണു്. ആ വിഷാദച്ഛായയാണു് കവനത്തിന്റെ ജീവൻ. അതു മലയാളത്തിൽ സംക്രമിപ്പിക്കുവാൻ കൂടുതൽ സാധിച്ചിട്ടുള്ളതും ജീവിതോത്സവകർത്താവിനാണെന്നാണു് തോന്നുന്നതു്.

ഞാൻ ജീവിതോത്സവത്തിനുണ്ടെന്നു പറഞ്ഞിട്ടുള്ള മെച്ചം; "ലാളിത്യവും" നേരിയ "വിഷാദച്ഛായ"യും മാത്രമാണു് നിരൂപകൻ എന്റെ ഒരു പ്രസ്താവന ശരിയാണെന്നു സമ്മതിക്കുന്നു. ഈ പ്രസ്താവനയെപ്പററി അദ്ദേഹം മൗനം അവലംബിക്കുന്നതെന്താണു്? വിടവടക്കാൻ അടിച്ചുനീട്ടിയിട്ടുള്ള കാര്യവും ഞാൻ പറഞ്ഞിട്ടുണ്ടു്. ആർക്കാണു് പക്ഷപാതം?.

ശാസ്ത്രപംക്തി.

വീടുകളുടെ ആവശ്യം

(കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്)

വീടുകൾ പണിയുവാനുദ്ദേശിക്കുന്നവർ ആദ്യമായി ആവശ്യങ്ങൾ എന്തെല്ലാമാണെന്നു തീർച്ചപ്പെടുത്തേണ്ടതാകുന്നു. അതിനു ശേഷമല്ലാതെ ആ കാര്യത്തിൽ യാതൊന്നും ചെയ്‌വാൻ തരമില്ല. എന്നാൽ അതു തീർച്ചപ്പെടുത്തുന്ന കാര്യം എല്ലാവർക്കും അത്ര എളുപ്പമല്ലതാനും. ഇങ്ങിനെ പറയുമ്പോൾ വേണ്ടെന്ന് പലർക്കും ഒരവജ്ഞ തോന്നിയേക്കാം. എങ്കിലും സൂക്ഷ്മം പരിശോധിച്ചാൽ കാര്യം വാസ്തവമാണെന്നു ബോദ്ധ്യപ്പെടും.

ഒരു കുടുംബത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഉണ്ടായിരിക്കേണ്ടതെന്ന് പൊതുവെ ഒരഭിപ്രായം പറയുവാൻ അത്ര പ്രയാസമില്ല. പക്ഷെ ഓരോ കുടുംബക്കാർക്കുള്ള ഇഷ്ടവും ധനശക്തിയും അനുസരിച്ചാണ് ആവശ്യമിരിക്കുന്നത്. ഈ ഇഷ്ടവും ധനശക്തിയും തീർച്ചപ്പെടുത്തുവാൻ അവരവർക്കല്ലാതെ സാധിക്കയുമില്ല.

ആദ്യം തന്നെ ഇഷ്ടത്തെ എടുക്കുക. ഒരു കിടപ്പുമുറി വേണം. അതിനു എത്ര വലിപ്പം വേണം? 20 കോൽ 8 വിരൽ ചുററളവു വേണമൊ? അഥവാ 16 കോൽ 8 വിരൽ മതിയൊ? അതു സമചതുരമായിട്ടോ ദീർഘചതുരമായിട്ടൊ ഇഷ്ടം? തട്ടുയരം എത്ര വേണം? ഇങ്ങനെ പല ചോദ്യങ്ങൾ ഉണ്ടാകും. അവയെല്ലാം പെട്ടെന്നു മറുപടി പറയാൻ പലർക്കും സാധിക്കയില്ല. ഏതെങ്കിലും ചില മുറിയെപ്പററി മാത്രമല്ല ചോദ്യമുണ്ടാകുന്നത്. എത്ര കിടപ്പുമുറികൾ ആവശ്യമുണ്ട്? എല്ലാം ഒരേ വലിപ്പത്തിലും ഗുണത്തിലും ആയിരിക്കണമോ? സ്ത്രീകൾക്കു പെരുമാറുന്നതിനായി എത്രയെല്ലാം സ്ഥലങ്ങൾ ഉണ്ടാവണം? ഭക്ഷണസ്ഥലത്തിനു എത്രപേർക്ക് ഊണുകഴിക്കാനുള്ള വലിപ്പം വേണം? പൂമുഖം വേണമോ? അടുക്കള കലവറ മുതലായി എന്തെല്ലാം ആവശ്യങ്ങൾക്കു പ്രത്യേക മുറികൾ ഉണ്ടാക്കേണ്ടതു്? ഓരോന്നിന്റെയും വലിപ്പം എത്ര വേണം? ഇതുകളും ഇതുപോലെ മററു സംഗതികളും ആദ്യം തന്നെ തീർച്ചപ്പെടുത്തേണ്ടതാണ്.

ശരിയായ പ്ളാൻ വരച്ചു കണ്ടാലും ആകൃതിയെപ്പററി മാത്രമല്ലാതെ വലിപ്പത്തെപ്പററിയും മററും ഒരഭിപ്രായം പറയാൻ സാധാരണക്കാർക്കു സാധിച്ചു എന്നു വരില്ല. എന്നാൽ പണി തീർന്നു കണ്ടാൽ അതു പറയാൻ മിക്കവർക്കും സാധിക്കും. പക്ഷെ അതു തീർച്ചപ്പെടുത്താതെ പണി ആരംഭിക്കുന്നതു ശരിയല്ല.

പണി കഴിഞ്ഞശേഷം "ആ മുറിയുടെ വലിപ്പം പോരാ—ഇതിനു തട്ടുയരം മതിയായില്ല" ഈ വിധം അഭിപ്രായം പറഞ്ഞിട്ടു ഫലമെന്താണ്? വളരെ ബുദ്ധിമുട്ടി പണം ചെലവു ചെയ്തു് വീടു പണിയിക്കുകയും, ഒടുവിൽ വിചാരിച്ചവിധം സുഖസൗകര്യങ്ങൾ ലഭിക്കാതെ ഇച്ഛാഭംഗപ്പെടുകയും തന്നെ! എന്നാൽ ഈ വിധം ഇച്ഛാഭംഗപ്പെടുന്നവർ അപൂർവ്വമല്ലതാനും!!

വീടു പണിയിക്കുവാൻ ഉദ്ദേശിക്കുന്നവർ

"ജീ"യുടെ ഒരു പദ്യതർജ്ജിമയിൽ അനാവശ്യമായി ഒരൊററ വാക്കുപോലുമില്ലെന്നു നിരൂപകൻ ഉൽഘോഷിക്കുന്നു. A Book of verse എന്നതിന് "തേനഞ്ചുന്ന ലഘുകാവ്യം" എന്ന തർജ്ജിമ അനാവശ്യമല്ലേ? കാവ്യത്തെ തേനഞ്ചുന്നതും ലഘുവും ആക്കാൻ സ്വാതന്ത്ര്യം ആരു നൽകി? ശ്രീ എം. പി. അപ്പന്റെ ശ്ലോകത്തെപ്പററി വ്യാഖ്യാനത്തിൽ ഞാൻ പറയുന്നതെന്താണെന്നു നിരൂപകൻ ശരിയായി ഗ്രഹിച്ചില്ല. വായനക്കാർക്കുവേണ്ടി ആ ഭാഗം ഉദ്ധരിക്കട്ടെ.

"കവിയുടെ ജീവിതോദ്ദേശം പ്രസ്പഷ്ടമാകുന്ന ഈ ശ്ലോകം മൂലത്തേക്കാൾ ചേതോഹരമായിട്ടുണ്ട്. മൂലത്തിലെ "പദ്യപുസ്തക"ത്തിനു മററു തർജ്ജിമകളിൽ തേനഞ്ചുന്ന "ലഘുകാവ്യ"മെന്നും "രസം പേറിയ കാവ്യ"മെന്നും കാണുന്നു. ഉമറിന്റെ റുബായിയാത്തു് അഥവാ ജീവിതോത്സവം തന്നെ ചിന്താസുന്ദരമാകയാൽ ഈ തർജ്ജിമ കൂടുതൽ ഹൃദ്യമായിരിക്കുമല്ലോ" എന്റെ അഭിപ്രായം വിചിത്രമായി എനിക്കു തോന്നുന്നില്ല.

വിലാസലഹരി മൂന്നാംപതിപ്പിന്റെ "മെച്ച"മെന്താണെന്ന് നിരൂപകൻ വ്യക്തമാക്കിയിട്ടില്ല. അതിന്റെ മൂലം എന്താണെന്നുപോലും നിരൂപകൻ ഗ്രഹിച്ചിട്ടില്ല. വിലാസലഹരി ഒന്നാം പതിപ്പിനെപ്പററി ഞാൻ ചേർത്തിട്ടുള്ള ലഘുവിമർശം എത്രമാത്രം ശരിയാണെന്ന് നിരൂപകൻ പരിശോധിക്കുന്നില്ല. ഉള്ളതു് ഉള്ളതുപോലെ പറയണം. അതാണ് യഥാർത്ഥ നിരൂപണങ്ങളിൽ ആവശ്യമായിട്ടുള്ളതു്.

ഒസ്യത്ത്

(കെ. പി. ജി.)

ആസന്നമരണനാ-
യന്ത്യശയ്യാലീനാ,
ശ്വാസവും വലിച്ചൊരാ-
ളവശം കിടക്കുന്നു.
തൽപത്തിന്നരികത്തേ-
യ്ക്കശ്രുവാർത്തണയുന്ന
തൽബന്ധുക്കളിലൊരാ-
ളന്ത്യശുശ്രൂഷോദ്യുക്തൻ.
"എന്തെടോ തനിക്കിനി
കാമ്യ?"മെന്നോതിക്കൊണ്ടു
ഹന്ത! തള്ളിനാൻ പാടി-
ച്ചിന്താകുല ഗൃഹനാഥൻ.
പണവും പ്രതാപവും
പേരുമുണ്ടേറെ, പക്ഷേ
പരതന്ത്രനാണന്ത്യ-
മാത്രയിലുമിപ്പുള്ള!
അല്ലയോ ഗൃഹനാഥ,
മരിക്കും സഹജനിൽ
ത്തെല്ലാത്ത കനിവങ്ങി-
[illegible]ലസ്ഥാനത്താണെന്നുണ്ടോ?
അല്ലല്ല; തെററിപ്പോയ്മേ,
പണത്തിൻ കൊതികരി-
ങ്കല്ലാക്കിക്കളഞ്ഞു, ഹാ!
താവകഹൃദയത്തെ
ഇററുവെള്ളമേകുവാ-
നഭ്യർത്ഥന വലിക്കുമ്പോ-
ളൊപ്പുവെപ്പിക്കാനത്രേ[illegible]
[illegible]മൊസ്യത്തൊന്നിൽ!

ഇക്കടലാസ്സിൽക്കാണും
തുകയോ മനുഷ്യന്റെ
യുൽകർഷത്തിലേയ്ക്കുള്ള
കോവണിപ്പടി, എങ്കിൽ,
മൃത്യുവിൻ വായിൽപ്പെട്ടു
പിടയുന്നൊരാമർത്ത്യ-
നിത്തിരിയാശ്വാസത്തെ
യിതിന്നു നേടീലല്ലോ!
അന്ത്യശുശ്രൂഷയ്ക്കായി
വന്ന ബന്ധുവെപ്പോലു-
മെന്തിനുവേണ്ടി ഭവാ-
നാട്ടിയോടിച്ചു ദൂരെ,
ആ മൃതന്റെ സമ്പ-
ത്താർക്കിരിപ്പതാണോർത്താൽ
സാമൂഹ്യമാകും നീതി
തൻ കണ്ണു തുറക്കുമ്പോൾ?
ആയിരം തൊഴിലാളി
കർഷകകുടുംബത്തിൻ
വായിൽമണ്ണാക്കി[illegible]
നേടിയാസ്സമ്പത്തെല്ലാം.
അവ തൻ യഥാർത്ഥമാ-
മവകാശികളോക്കി-
ലവർതാൻ, ജനകീയ-
നീതിയെന്നുണരുമ്പോൾ.
അന്വേഷിക്കാത്തൊരു മർത്ത്യ,
നിൻ കണ്ണുമങ്ങിപ്പോയി
വൻപണക്കൊതിയുടെ
തിമിരം ബാധിക്കയാൽ!

[illegible]ങ്ങളുടെ ബന്ധുക്കളുടെയും സ്നേഹിതന്മാരുടെയും വീടുകളിൽ പോകുമ്പോൾ അവയുടെ ഓരോ ഭാഗങ്ങളെപ്പററിയും ശ്രദ്ധവച്ചു പരിശോധിക്കണം. അപ്പോൾ പല സംഗതികളെപ്പററിയും അഭിപ്രായം ജനിക്കും. അങ്ങിനെ അഭിപ്രായം ജനിച്ചതുകൊണ്ടു മാത്രമായില്ല, മീർ[illegible]ന്തരങ്ങൾ ഉയരം മുതലായതെല്ലാം അളവെടുത്തല്ലാതെ തച്ചുശാസ്ത്രക്കാരനെ മനസ്സിലാക്കുവാൻ സാദ്ധ്യമല്ലല്ലോ.

പ്രധാന വീടു പണിയിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതായ മറെറാരു സംഗതി സ്ത്രീകളുടെ അഭിപ്രായം പ്രത്യേകം അറിയണമെന്നുള്ളതാണ്. അതിലും വിശേഷിച്ചു അവർക്കു പെരുമാറേണ്ടിയ അടുക്കള, ഭക്ഷണസ്ഥലം, കലവറ ഇവയെ സംബന്ധിച്ചുള്ള മററു സ്ഥലങ്ങൾ എന്നിവയിൽ അവരുടെ അഭിപ്രായത്തിനു പ്രത്യേകമായും വില കല്പിക്കേണ്ടതാകുന്നു. അതിനാൽ മുൻകൂട്ടി സ്ത്രീകളുടെ അഭിപ്രായം അറിയുകയും, ആവക സ്ഥലങ്ങളുടെ വിവരങ്ങൾ വ്യക്തമായി ശേഖരിച്ചു കഴിയുന്നതും അവരുടെ അഭിപ്രായത്തോടു യോജിക്കേണ്ടതുമാണ്.

ആവശ്യവും അഭിപ്രായവും മുഴുവൻ സാധിക്കത്തക്കതാണെന്നു എപ്പോഴും മടിശ്ശീലയുടെ ഉക്കമെന്നു വിശ്വസിച്ചുകൂടാ. ഈ സംഗതി വേണ്ടവണ്ണം വിചാരിക്കാതെ ആവശ്യത്തെ മാത്രം ആലോചിച്ചു വീടു പണിയിക്കുവാൻ പുറപ്പെട്ടാൽ പലപ്പോഴും ശക്തിയിൽ കവിഞ്ഞു രണ്ടും മൂന്നും മടങ്ങു ധനവ്യയം വേണ്ടതായി വന്നേക്കും. വാസ്തവത്തിൽ ഈ ആവശ്യവും മടിശ്ശീലയും തമ്മിലുള്ള പൊരുത്തം ശരിപ്പെടുത്തുന്നതിനു കുറച്ചു പ്രയാസമുള്ളതാകുന്നു. അതു ശരിപ്പെടുത്താതെ മരാമത്തു നടത്തുന്നതിന്റെ ഫലം കടം വാങ്ങേണ്ടതായും ഒടുവിൽ വീടു തന്നെ വിൽക്കേണ്ടതായും വരാവുന്നതുമാണ്. പരിശോധിച്ചു നോക്കിയാൽ ഈ ദുഷ്ഫലം അനുഭവിച്ചവർ അപൂർവമല്ലെന്നു കാണാം.

പാവങ്ങൾ

ഒരാസ്വാദനം

(കെ. പാനൂർ)

പരിഷ്ക്കാരം വർദ്ധിച്ചു വർദ്ധിച്ച് പുസ്തകങ്ങളെന്നാൽ ഏറിയാൽ രണ്ടു കവറുകൾ മാത്രമായിത്തീരുന്ന ഒരു കാലം അതി വിദൂരസ്ഥമല്ലെന്നു പറഞ്ഞാൽ അതൊരതിശയോക്തിയല്ല. അതെ, ഇന്നു കുറച്ചു തടിച്ച പുസ്തകമാണെങ്കിൽ വായിക്കാൻ മിനക്കെട്ടിരിക്കുന്നതുതന്നെ പരിഷ്ക്കാരത്തിന്നു യോജിച്ചതല്ലെന്നായിരിക്കുന്നു. കമലം, അംബുജം, സരോജം എന്നിങ്ങനെ നൂറുകണക്കിലുള്ള നോവലുകൾ വായിച്ചു തള്ളുന്നവരാണ് നമ്മൾ; എന്നാൽ പാവങ്ങളെപ്പോലെ ഒരു ഗ്രന്ഥമെങ്കിലും തൊട്ടുനോക്കാൻ നമ്മിൽ എത്രപേർക്കു ധൈര്യമുണ്ടായിക്കാണും? മലയാള സാഹിത്യത്തിൽ മഴപ്പാററകൾ പോലെ പുറത്തിറങ്ങുന്ന കാമ്പില്ലാത്ത നോവലുകളാകെക്കൂടിയാലും പാവങ്ങളുടെ പത്തിലൊരംശം കനം ഉണ്ടാകുന്നതല്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളവർ എത്രയുണ്ട്? പ്രേമവും ശൃംഗാരവും മററും മാത്രം പിടിക്കുന്ന യുവാക്കന്മാരോടു ഒന്നു പറയട്ടെ—പാവങ്ങൾ നിങ്ങളെ നിരാശപ്പെടുത്തും. കല കലയ്ക്കുവേണ്ടി, ആനന്ദത്തിന്നുവേണ്ടി എന്നു ഉച്ചരിച്ചു വാദിക്കുന്നവർക്കുവേണ്ടി യൂഗോ ഒന്നുമെഴുതിയിട്ടില്ലെന്നു കരുതിയാൽ മതി. യൂഗോ വ്യക്തിയുടെ കഷ്ടത ചിത്രീകരിക്കുന്നു; രാജ്യത്തിന്റെ ദുഷിച്ച ചരിത്രം രേഖപ്പെടുത്തുന്നു; ലോകത്തിലെ വൈപരീത്യത്തെക്കുറിച്ചു അധിക്ഷേപിക്കുന്നു!

കഥാരൂപം

പാവങ്ങളിൽ യൂഗോവിന്റെ ചിന്തകൾക്കെല്ലാം രൂപം കൊടുക്കാനുള്ള ഒരുപായപ്പണി മാത്രമാണ് കഥ. ഴാങ്ങ്‌വാൽഴാങ്ങ് എന്നു പേരായ ഒരു ദരിദ്രനായ വിറകുവെട്ടുകാരനാണ് അതിലെ കഥാനായകൻ. തുടർച്ചയായി ഏഴു ദിവസം പട്ടിണികിടന്നു വിശപ്പു സഹിക്കാതായപ്പോൾ അയാൾ അയൽപക്കത്തെ ധനികന്റെ മുറിക്കകത്തു മേശപ്പുറത്തു വെച്ചിരുന്ന ഒരപ്പക്കഷണം കക്കാൻ പൊട്ടിത്തകർന്ന ജനാലച്ചില്ലിനിടയിൽക്കൂടി കൈ കടത്തി നോക്കി. അതു കണ്ടുകഴിഞ്ഞ വീട്ടുകാർ കള്ളനെ കയ്യോടെ പിടിക്കുന്നു. നീതിന്യായാധിപൻ! അയാൾക്കു നാലു കൊല്ലത്തെ കഠിന ജയിൽശിക്ഷ വിധിക്കുന്നു. അനാഥന്മാരായിത്തീർന്ന തന്റെ കുടുംബങ്ങളെ രക്ഷിക്കാൻ മാത്രമായി ഴാങ്ങ് ജയിലിൽനിന്നു ഒളിച്ചു ചാടുന്നു. ദുഷിച്ച ഭരണത്തിന്റെ കിങ്കരന്മാർ അയാളെ പിടികൂടാനുള്ള പരിശ്രമത്തിൽ പരാജയപ്പെടുന്നില്ല! അങ്ങനെ വിശപ്പു സഹിക്കാതായപ്പോൾ ഒരപ്പക്കഷണം കട്ട കുറ്റത്തിന്നു ഴാങ്ങ് തുടർച്ചയായി 18 കൊല്ലം ജയിലിൽ കിടന്നു നരകിക്കുന്നു. ഇതിന്റെയെല്ലാം ഫലം എന്തുണ്ടായി? ഴാങ്ങ്‌വാൽഴാങ്ങ് തന്നെ അതു ഇങ്ങനെയാണ് വിവരിക്കുന്നത്. "തടവിലെ ജീവിതം എന്നെ ദുഷ്ടബുദ്ധിയായിരുന്നൊൻ വ്യക്തിയായി മാറ്റി; ഒരു വെറും മരക്കഷണം തീക്കൊള്ളിയായി മാറി" യൂഗോ അങ്ങനെ രാജ്യഭരണതന്ത്രജ്ഞന്മാരെന്നു ഭാവിക്കുന്നവരെ ഉപദേശിക്കുകയാണ്. ദുഷിച്ച നിയമങ്ങളുടെ ചട്ടക്കൂട്ടിൽപ്പെട്ട മനുഷ്യത്വം നശിച്ചുപോവുന്നതും മൃഗീയത്വം വളർന്നു വരുന്നതും അതിന്റെയെല്ലാം അനന്തരഫലങ്ങളുമാണ് പിന്നത്തെ കഥകൾ. ഴാങ്ങ് ഒരു തനിക്കള്ളനായി മാറി. അധഃപതിച്ചധഃപതിച്ചു പോവുന്ന ആ ജീവിതത്തെ രക്ഷിക്കുന്നത് ഒരു മഹാപുരോഹിതനാണ്. ഴാങ്ങ് പശ്ചാത്തപിക്കുന്നു. നല്ല മനുഷ്യനായി സ്വതന്ത്രനായി ജീവിക്കണമെന്നു അയാൾ ആശിച്ചു. പക്ഷെ അവിടേയും ദുഷിച്ച നിയമങ്ങൾ വഴി തടസ്സപ്പെടുത്തുന്നു. നല്ല മനുഷ്യനായി ജീവിക്കാനുള്ള ഴാങ്ങിന്റെ ഭഗീരഥ ശ്രമങ്ങളെല്ലാം ഭരണകൂടത്തോടു ഏറ്റുമുട്ടി തകർന്നുവീഴുന്നു. പക്ഷെ അയാൾ നിരാശനാകുന്നില്ല; ഇതിന്നിടയിൽ അയാളുടെ ജീവിതത്തിന്ന് ഒരുദ്ദേശമുണ്ടായി. തന്റെ കുട്ടിയെ രക്ഷിക്കാൻ ഗത്യന്തരമില്ലാതെ മുടിയും പല്ലും കൂടി വിറ്റു ഒടുവിൽ സംതൃപ്തി അടയാതെ മരിക്കുന്ന ഒരു നിർഭാഗ്യയായ സാധുസ്ത്രീയുടെ അരുമസന്താനത്തെ പോറ്റി വളർത്താനായി ഴാങ്ങ് ജീവിച്ചു. അവളുടെ പേർ കൊസത്ത്. കൊസത്തു ഒരു യുവതിയായി; അവളെ വിവാഹം ചെയ്തു കൊടുക്കുന്നതോടുകൂടി തന്റെ ജീവിതത്തിനൊരുദ്ദേശം ഇല്ലാതാവുകയാണെന്ന് അയാൾ ഭയപ്പെടുന്നു. അനന്തരം നാം കാണുന്നത്

ഹൃദയസ്പർശിയായ ചില രംഗങ്ങളാണ്. കൊസത്തിന്റെ വിവാഹം കഴിയുന്നു; ഴാങ്ങ് ക്ഷണത്തിൽ മരിക്കുന്നു. കഥ അവിടെത്തന്നെ അവസാനിക്കുന്നു. ഇതിനിടയിൽ വാട്ടർലൂ യുദ്ധം, ഫ്രഞ്ച് വിപ്ലവം എന്നിങ്ങനെ ആവേശകരങ്ങളായ സംഭവവികാസങ്ങളുണ്ടാകുന്നുണ്ട്; സ്വർണ്ണത്തെ വെറും മഞ്ഞമണ്ണായി കരുതുന്ന മെത്രാനെപ്പോലെയുള്ള മഹാത്മാക്കൾ, പണത്തിനു വേണ്ടി എന്തും ചെയ്യുവാൻ മടിക്കാത്ത തെനാർദിയരെപ്പോലുള്ള പിശാചുക്കൾ; രാജനീതി നടത്തുന്ന ഴാവേറിനെപ്പോലുള്ള യമകിങ്കരന്മാർ, കിഴവൻ ഗിൽനോർമാനെപ്പോലുള്ള വിഷയലമ്പടന്മാർ, ഗവ്രോഷ്കുട്ടിയെപ്പോലെ രണാങ്കണത്തിൽ ചത്തുവീഴുന്ന ദേശാഭിമാനികൾ എന്നിങ്ങനെ എണ്ണമറ്റ കഥാപാത്രങ്ങൾ—മനോമണ്ഡലത്തിൽനിന്നു മറഞ്ഞുപോവാത്ത വ്യക്തികൾ — രംഗപ്രവേശം ചെയ്യുന്നു. ലോകത്തിൽ കാണാവുന്ന എല്ലാത്തരം സമുദായങ്ങളുടേയും പ്രാതിനിധ്യം വഹിക്കുന്ന വ്യക്തികളെ നമുക്ക് പാവങ്ങളിൽ കണ്ടുപരിചയിക്കാനിടയാവുന്നു. അങ്ങനെ പാവങ്ങൾ ലോകത്തിന്റെ തന്നെ പ്രാതിനിധ്യം വഹിക്കുന്നു. ഗന്ധർവ്വനഗരിയോ, നന്ദനവനമോ, പാലാഴിയോ, വൈകുണ്ഠമോ, നരകമോ അല്ല, അവിടെ നാം കാണുന്നത്. നാം കണ്ടുപരിചയിക്കുന്ന ലോകംതന്നെയാണ്. "നാം വായിക്കുന്ന കഥയിൽ നമുക്കു പരിചയമുള്ളവരെ കണ്ടെത്തുന്നുവെങ്കിൽ മാത്രമേ നമുക്കു കഥയിലും കഥാപാത്രങ്ങളിലും അലിഞ്ഞുചേരാൻ കഴിയുകയുള്ളു. ഒരു കഥയെന്ന നിലയിൽ പാവങ്ങൾക്കുള്ള മെച്ചമതാണ്.

അതിന്റെ പ്രത്യേകതകൾ

ഒന്നാമതായി സൂചിപ്പിച്ചിട്ടുണ്ട്,—പാവങ്ങളിൽ കഥയ്ക്കു പ്രാധാന്യമില്ല. പാവങ്ങളെക്കാൾ വിസ്മയകരങ്ങളായ യക്ഷികഥകൾ ഇല്ലാതെയില്ല. പക്ഷെ ചിന്തിക്കാൻ കൗതുകം തോന്നുന്ന ഒരു വായനക്കാരനു പാവങ്ങൾ മാത്രമേ ആവശ്യമുള്ളു. നിസ്സാരമായ ഒരു കഥയിൽ യൂഗോവിന്റെ മൗലികത്വം പ്രവർത്തിക്കുന്ന ചില ശക്തികൾ [illegible]ടത്തി വിട്ടിരിക്കുന്നതെങ്ങനെയാണെന്നു [illegible]ക്കാൻ ശ്രമിക്കുക. മഹാകവിയുടെ ഒന്നാമത്തെ പ്രത്യേകത വളച്ചുകെട്ടലുകളോ കടുകട്ടി അലങ്കാരങ്ങളോ ഇല്ലാത്ത ഭാഷ തന്നെ. എല്ലാം പറയുന്നതിനും എന്നാൽ ഒളിച്ചുവയ്ക്കുന്നതിനും അനുഗ്രഹിക്കുന്ന ഒരു ഭാഷയുടെ സവിശേഷത അതിൽ അലങ്കാരങ്ങൾ കൂടിയിരിക്കുമെന്നുള്ളതാണെന്ന യൂഗോവിന്റെ തന്നെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ കൂടി നോക്കിയാൽ പാവങ്ങളിലെ ഭാഷ വളച്ചുകെട്ടലുകളില്ലാതെ ലളിതസുന്ദരമായിരിക്കുന്നതിനു കാരണം യൂഗോവിന്റെ ആത്മാർത്ഥത (Sincerity) ഒന്നുമാത്രമാണെന്നു നമുക്കു മനസ്സിലാവും. തന്റെ കവിഹൃദയത്തെ യഥാർത്ഥത്തിൽ വേദനിപ്പിക്കുന്ന പല സംഗതികൾ അദ്ദേഹത്തിനു നമ്മോടു പറയുവാനുണ്ട്. അധഃപതിച്ചധഃപതിച്ചു ഇഞ്ചിഞ്ചായി മരിക്കുന്ന പാവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുന്നതു നോക്കുക:—"നിങ്ങൾ കാൽകൊണ്ടു ചവുട്ടിപ്പോവുന്ന ഈ നിസ്സാരമണലിനെ തീക്കുണ്ഡത്തിലേക്കു മറിക്കുക; അത അവിടെ കിടന്നു തിളച്ചു മറിയട്ടെ. അതൊരു വിശിഷ്ടമായ സൂര്യകാന്തക്കല്ലാവും." "ചീത്തച്ചെടികളോ ചീത്തമനുഷ്യരോ ഇല്ല; ചീത്ത കൃഷിക്കാരേ ഉള്ളു." "സ്ത്രീകളുടേയും കുട്ടികളുടേയും ശക്തിയില്ലാത്തവരുടേയും ദരിദ്രരുടേയും അക്ഷരപരിജ്ഞാനമില്ലാത്തവരുടേയും തെറ്റുകൾ വാസ്തവത്തിൽ ഭർത്താക്കന്മാർക്കും അച്ഛന്മാർക്കും യജമാനന്മാർക്കും ശക്തന്മാർക്കും ധനവാന്മാർക്കും അറിവുള്ളവർക്കുമുള്ള തെറ്റുകളാണ്." ആലോചനാമധുരങ്ങളായ വാചകങ്ങൾ! നമ്മുടെ മഹാകാവ്യങ്ങളിലെന്നപോലെ "നഗരാർണ്ണവശൈലത്തു" എന്നു തുടങ്ങുന്ന ഒരു പ്രമാണവാക്യത്തിന്നനുസരിച്ചു അപ്പടി നിരത്തിവെച്ച നെടുനീളൻ വർണ്ണനകൾ നാം പാവങ്ങളിൽ കാണുന്നില്ല. എന്നിട്ടും ആ മഹാകാവ്യങ്ങളുടെ മഹാകാവ്യവും യൂഗോ മഹാകവികളുടെ മഹാകവിയുമായി—എങ്ങിനെ? കൊട്ടാരമോ കൊട്ടാരപ്രഭുക്കളേയോ അല്ല യൂഗോ കാണുന്നതു് ചെറ്റച്ചാളയേയും പട്ടിണിപ്പാവങ്ങളേയുമാണ്. യൂഗോവിന്റെ കാലത്തു് ഈ സംഭവവിശേഷം ഫ്രഞ്ചുസാഹിത്യത്തിൽ നടന്ന ഒരു വമ്പിച്ച വിപ്ലവമായി കണക്കാക്കപ്പെട്ടു. കണ്മുന്നിൽ കാണുന്നതെല്ലാം കണ്ടില്ലെന്നു നടിച്ചു വിശാലമായ ലോകത്തെ ഒരു താക്കോൽപ്പഴുതിൽക്കൂടി മാത്രം നോക്കുന്ന പഴയ സമ്പ്രദായത്തെ തട്ടിമറിച്ചുകൊണ്ടു് അദ്ദേഹം മുന്നോട്ടു വന്നു. അങ്ങനെ പാവങ്ങൾ പാവങ്ങളുടെ ഹൃദയത്തിൽ ആശയും ആവേശവും നിറയ്ക്കുന്നു; ഭരണാധികാരികളുടെ തലയ്ക്കു വെളിവുണ്ടാക്കുന്നു, ആരേയും ചിന്തിപ്പിക്കുന്നു. അതിന്റെ നേട്ടങ്ങളോ? ഹോമർ മഹാകവിയുടെ വീരകഥകളാണ് ഒരു സാമ്രാജ്യം സ്ഥാപിക്കാൻ തന്നെ പ്രേരിപ്പിച്ചതെന്നു മഹാനായ അലക്സാണ്ടർ ചക്രവർത്തി പറയുകയുണ്ടായി. അതേനിലയിൽ അട്ടു

ത്ത കാലങ്ങളിൽ യൂറോപ്പിൻ മുഴുവൻ ആവേശം നൽകിയ ഒരു മഹാഗ്രന്ഥമാണ പാവങ്ങൾ. അങ്ങനെ പാവങ്ങൾ ഇപ്പോഴും ഓരോ നിമിഷത്തിലും ലോകത്തിൽ സംഭവിക്കാനിരിക്കുന്ന വിപ്ലവങ്ങൾക്ക് ആവേശം നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ലോകം എങ്ങിനെ പരിഷ്കരിക്കപ്പെടണമെന്ന വിവരിക്കുന്ന സാഹിത്യമാണ് പുരോഗമനസാഹിത്യമെങ്കിൽ യഥാർത്ഥപുരോഗമനസാഹിത്യം 'പാവങ്ങളാണ്. അതാണ് അതിന്റെ പ്രത്യേകത

മഹാകവി ഒരു ചിന്തകൻ

ഏതു വിഷയത്തെപ്പറ്റിയായാലും ശരി, യൂഗോവിനു വ്യക്തമായ ചില അഭിപ്രായങ്ങൾ പറയുവാനുണ്ട്. ഒരു മഹാകവിയായ യൂഗോ ഒരു മഹാചിന്തകനും കൂടിയാണ്. മതം ശാസ്ത്രം കല, രാജ്യതന്ത്രം എന്നിങ്ങനെ ഗുരുതരങ്ങളായ വിഷയങ്ങളെപ്പറ്റിയെല്ലാം അദ്ദേഹം ചിന്തിക്കുന്നു നമ്മുടെ വിഷമപ്രശ്നങ്ങൾക്കു ഉത്തരം പറയുന്നു. ആ ചിന്തകൾക്കുള്ള പ്രത്യേകത എല്ലാം പുരോഗമനപരങ്ങളാണെന്നുള്ളതാണ്. യൂഗോ ഒരു യാഥാസ്ഥിതികനല്ല. മതം എങ്ങിനെ പരിഷ്കരിക്കപ്പെടണമെന്നു അദ്ദേഹം വിവരിക്കുന്നു. "മതത്തിൽ നിന്നും അന്ധവിശ്വാസങ്ങളെ നീക്കുന്നതു് നമ്മുടെ ചുമതലയാണ്—അതെ ഈശ്വരനിൽ നിന്നു കമ്പിളിപ്പുഴുക്കളെയെല്ലാം തട്ടിക്കളയുന്നതു് നമ്മുടെ ചുമതലയാണ്" "പഴയ ആചാരങ്ങൾ ആചരിക്കേണമെന്നു പറയുന്നതു് കുട്ടിയുടെ ഉടുപ്പ് പ്രായം ചെന്ന ആളോടു് എടുത്തു ധരിക്കണമെന്നു ലഹളകൂട്ടുന്നതുപോലെയാണ്." മഹാകവിമതത്തിന്റെ കഴിവിൽ വിശ്വസിക്കുന്നുവെന്നതു വ്യക്തമാണ്. പക്ഷെ അതിരുകവിഞ്ഞ ഭക്തിയെ അദ്ദേഹം ഇങ്ങിനെ കളിയാക്കുന്നുണ്ട്. "അത്തരം ഭക്തി തലക്കുപിടിച്ച ഒരു ജലദോഷം പോലെയാണ്. ജീവിതത്തിന്റെ ഒരു ഗന്ധവും നിങ്ങൾ അനുഭവിക്കാതാവുന്നു. ചീത്ത ഗന്ധവുമില്ല, നല്ലഗന്ധവുമില്ല" മാനുഷിക നിയമങ്ങളെ കാണാൻ കഴിയാത്തവണ്ണം ദൈവിക നിയമങ്ങളിൽ മുങ്ങിപ്പോകരുതെന്നു അദ്ദേഹം നമ്മെ താക്കീതുചെയ്യുകയാണ്. രാജ്യത്തിന്റെ മേറികെട്ടുന്നതിന്നാവശ്യമാണെങ്കിൽ പള്ളിയിലെ ദിവ്യപീഠത്തിൽ നിന്നു മൂടുതുണിയും പറിച്ചുകീറി എടുക്കണമെന്ന അഭിപ്രായക്കാരനാണ് യൂഗോ. കലയെപ്പറ്റിയുള്ള മഹാകവിയുടെ അഭിപ്രായങ്ങൾ എടുത്തുപറയേണ്ടതില്ലെന്നു കരുതുന്നു. രാജ്യതന്ത്രത്തെപ്പറ്റിയാണെങ്കിൽ സമഷ്ടിവാദത്തെ വിമ[illegible] പാവങ്ങളിലുണ്ട്. യൂഗോ [illegible] സത്യത്തിന്റെ ഒരു [illegible] ത്ഥിക്കുന്നു; യുദ്ധമെന്നാൽ ആദർശങ്ങൾ തമ്മിലുള്ള പിടച്ചിലാണെന്നു നിർവ്വചിക്കുന്നു. അങ്ങനെ പലതും പാവങ്ങളിൽ വായനക്കാരനെ ഒരേ സമയത്തു ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ചില ചിന്താശകലങ്ങൾ കൂടിയുണ്ട്. യൂഗോ പറയുന്നു:- "സുന്ദരിയായ സ്ത്രീ യുദ്ധത്തിനുള്ള ഒരു കാരണമാണ്; ജ്വലിക്കുന്ന ദുർന്നടപ്പാണ്. ചരിത്രത്തിൽ കാണുന്ന എല്ലാ ആക്രമണങ്ങളേയും പെണ്ണുങ്ങളാണ തീർച്ചപ്പെടുത്തിയിട്ടുള്ളതു്." വേറൊരിടത്തു പറയുന്നു.— "കൊള്ളാവുന്ന ഈശ്വരൻ എലിയെ ഉണ്ടാക്കിപ്പറഞ്ഞു അതാ ഞാനൊന്നാരംഭം പ്രവർത്തിച്ചു. എന്നിട്ട് അദ്ദേഹം പൂച്ചയെ സൃഷ്ടിച്ചു. എലി എന്നതിന്റെ പിഴ തീർക്കലാണ പൂച്ച. എലിയോടു പൂച്ചയെ കൂട്ടിച്ചേർത്തതു് ഈശ്വരൻ സൃഷ്ടിപ്രൂഫ് നോക്കി ശരിപ്പെടുത്തിയതാണ്." ഇങ്ങനെ നമുക്കു കുലുങ്ങിച്ചിരിക്കാനുള്ള അവസരങ്ങൾ പാവങ്ങളിൽ സുദുർല്ലഭമാണെന്നു പറയേണ്ടിയിരിക്കുന്നു. എല്ലാം ഗൗരവതരങ്ങളായ ചിന്തകൾമാത്രം! ചിന്തകളുടെ ഘനംകൊണ്ടു തളരുന്ന വായനക്കാരന്റെ എളിയ തലച്ചോറിനോടു് ഒരൗചിത്യം പ്രവർത്തിക്കാനായിട്ടെങ്കിലും മഹാകവി ഇടയ്ക്കിടയ്ക്ക് തന്റെ ഗൗരവം കുറച്ചു കുറയ്ക്കേണ്ടതായിരുന്നുവെന്നു നമുക്കു തോന്നിപ്പോകും. എന്നാലും ഒരു വൈദ്യുതസെല്ലിലെന്നപോലെ പാവങ്ങളിൽ യൂഗോവിന്റെ കവിഹൃദയവും ചിന്തിക്കുന്ന മസ്തിഷ്കവും ഒന്നിച്ചുചേരുമ്പോൾ പ്രവഹിക്കുന്ന ഏതോ ഒരു വൈദ്യുതശക്തി നമ്മെ അമ്പരപ്പിക്കുന്നുണ്ട്!

കവിഹൃദയം

പാവങ്ങളിൽ വികാരങ്ങളും വിചാരങ്ങളും അണിനിരന്നു മാർച്ചു ചെയ്യുകയാണെങ്കിലും ദുർല്ലഭമല്ലാത്ത ഘട്ടങ്ങളിൽ വിചാരം ഒരു പടിയെങ്കിലും പിന്നിട്ടുനിൽക്കാൻ വെമ്പുകയാണ്. യൂഗോ ഒരു കലാകാരനെന്ന പേരിനേക്കാൾ ഒരു ചിന്തകനെന്ന പേർ അഭിമാനകരമായി കരുതുകയാണെന്നു തോന്നാം. പാവങ്ങളിൽ യൂഗോവിന്റെ കവിഹൃദയത്തെക്കുറിച്ചു് അതിശയിക്കേണ്ടിവരുന്ന ചില പ്രത്യേക ഘട്ടങ്ങളുണ്ട്. വാട്ടർലൂ യുദ്ധത്തിന്റെയും ഫ്രഞ്ചുവിപ്ലവത്തിന്റെയും വർണ്ണനകൾ വായിക്കുന്ന [illegible] മഹാകവി തന്നെ പറയുകയാണ് "ഒരു യുദ്ധം ശ[illegible]രിയായി വരച്ചുകാണിക്കേണമെങ്കിൽ ആരുടെ

ളവികാഗ്രത്തിലോ പൂർവ്വകാലത്തെ മഹാക്ഷാമമുള്ളതു് ആയാൽ തന്നെ വേണം.” യഥാർത്ഥത്തിൽ തന്റെ ളവികാഗ്രത്തിൽ പ്രളയകാലത്തെ മഹാക്ഷാമമുണ്ടെന്ന കവി തെളിയിക്കുകയും ചെയ്യുന്നു. യൂഗോവിന്റെ ഭാഷ തികച്ചും കവിതയാണു്. നമ്മുടെ ചില കവികളുടെ കൈയിൽ കിട്ടിയാൽ പത്തോ നൂറോ പേജു നിറയെ വർണ്ണിച്ചെഴുതാനിടയുള്ള വിഷയങ്ങൾ യൂഗോ വർണ്ണിക്കുന്നതു് ഒരേ ഒരു വാചകത്തിലായിരിക്കും. നമ്മുടെ എഴുത്തുകാർക്കു് ഒരേ ഒരു വാചകത്തിൽമാത്രം വിവരിക്കാൻ കഴിയുന്ന വിഷയങ്ങളെക്കുറിച്ചു യൂഗോവിനു പത്തോ നൂറോ പേജുകൾ നിറയെ എഴുതാനും കഴിവുണ്ടു്. ഉദാഹരണങ്ങൾ കണ്ടറിയാൻ പാവങ്ങൾ തന്നെ വായിക്കേണ്ടിയിരിക്കുന്നു. എതിർക്കപ്പെടാൻ പോകുന്ന ഒരു കാലാൾസൈന്യം മുമ്പോട്ടു കുതിച്ചുചെല്ലുന്ന ഒരു കാഴ്ചയെ അദ്ദേഹം വിവരിക്കുന്നതിങ്ങനെയാണു്.— “തോക്കിൻ കുന്തങ്ങൾകൊണ്ടു രോമമെടുത്തു പിടിച്ച ജനപിണ്ഡം മുമ്പോട്ടു് ഒരോട്ടമോടി.” അതിന്റെ മനോഹരവും ആവേശകരവുമായ ഒരു ജീവനുള്ള ചിത്രം മനോമണ്ഡലത്തിൽ കണ്ടു രസിക്കാൻ തന്നെ നമുക്കു കഴിവുണ്ടു്. രസകരങ്ങളായ ഉപമകൾ പാവങ്ങളിൽ അങ്ങിങ്ങായി നമുക്കു കാണാം. ഇവിടെ എടുത്തു ചേർക്കുന്ന കേവലം രണ്ടുദാഹരണങ്ങളിൽനിന്നു തന്നെ ഒരു മഹാനായ കവിയുടെ ഉൽകൃഷ്ടഭാവനയുടെ വില മതിക്കാൻ കഴിയുന്നതാണു്. കവി കൊസത്തിനെക്കുറിച്ചു് ഒരിടത്തു പറയുകയാണു്. “വൃക്ഷങ്ങളെ പുഷ്പിക്കാൻ ഏപ്രിൽമാസത്തിലെ മുന്നളവസന്തം ആവശ്യമായിരുന്നതുപോലെ അവളെ സൗന്ദര്യംകൊണ്ടു് ഉടുപ്പിടുവിക്കാൻ ആറു മാസമേ വേണ്ടിവന്നൊള്ളു.” വേനൽക്കാലത്തിന്റെ ആരംഭകാലങ്ങളിൽ മഴയുണ്ടാകുന്നതു് “പിറന്നപ്പോൾ ഒരു ദേവം കിട്ടിയായിരിക്കുന്നതിനാൽ വേനൽക്കാലം കരയുകയാണെന്നാ”ണു യൂഗോവിന്റെ പക്ഷം. ഇത്തരം ഉൽകൃഷ്ടഭാവനകളുടെ പുതുമയും രസികത്വവും നമ്മെ ചിന്തിക്കുകയോ ചിരിക്കുകയോ വേണ്ടതെന്നറിയാതെ കുഴക്കുന്നതെന്നു തുറന്നുപറയട്ടെ. മഹാകവിയുടെ വേറൊരു പ്രത്യേകത അന്തഃകരണത്തിൽ തുളച്ചു കയറുന്ന ഭാഷയാണു്. നമ്മുടെ ഹൃദയത്തെ ആനന്ദഭരിതമാക്കിത്തീർക്കാനും വികാരവിവശമാക്കിത്തീർക്കാനും വേദനിപ്പിക്കാനും പുതുക്കിക്കളയാനും വികസിപ്പിക്കാനും എല്ലാം കഴിവുള്ള ഒരു ഭാഷ! യൂഗോ തണുപ്പാറാൻ പുതപ്പില്ലാതെ വിറച്ചു വിറങ്ങലിക്കുന്ന ഒരു പട്ടിണിപ്പാവത്തെക്കൊണ്ടു പറയിക്കുകയാണു് “ഞങ്ങളാണു് ഉഷ്ണമാപിനിയന്ത്രങ്ങൾ; തണുപ്പു് എപ്പോൾ എത്ര ഡിഗ്രിയാണെന്നറിയാൻ ഞങ്ങളുടെ രക്തക്കുഴലുകൾ പിടിച്ചു നോക്കുക” ഈ ഒരേ ഒരു വാചകംകൊണ്ടുമാത്രം ആ കഥാപാത്രം നമ്മുടെ കരളലിയിപ്പിച്ചുകളയുന്നില്ലേ? അങ്ങനെ ഇനിയുമിനിയും ചുഴിഞ്ഞു നോക്കുകയാണെങ്കിൽ യൂഗോവിന്റെ അനുഗൃഹീതമായ കവിഹൃദയം ചില പ്രത്യേക ശക്തികളുടെ സംഭരണശാലയാണെന്നു മനസ്സിലാവും.

ഭാഷയ്ക്കൊരുനേട്ടം

അത്തരം ഒരു വിശ്വസാഹിത്യഗ്രന്ഥം മലയാളികൾക്കാസ്വദിക്കാനിട വരുത്തിയ ശ്രീ. നാലപ്പാട്ടു് ഒരു മഹനീയകൃത്യം തന്നെയാണു് സാധിച്ചിരിക്കുന്നതു്. പാവങ്ങളുടെ പ്രസിദ്ധീകരണത്തിനു ശേഷം മാത്രമാണു് ഭാഷാഗദ്യസാഹിത്യം അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതെന്നു ശ്രീ. ചങ്ങമ്പുഴ അദ്ദേഹത്തിന്റെ സാഹിത്യചിന്തകളിൽ സമർത്ഥിക്കുന്നു. അങ്ങനെ കുഞ്ചനേയും രാജരാജവർമ്മയേയും പോലെ നാലപ്പാട്ടും ഒരു ഭാഷാ പരിഷ്കർത്താവെന്ന നിലയിൽ അറിയപ്പെടേണ്ടിയിരിക്കുന്നു.

—o—

പരിഷ്കൃത രീതിയിൽ തയ്യാർ ചെയ്തിട്ടുള്ള ക്രിൻസൻ (ജിൻറാൻ)
പിൻസ് ഉപയോഗിപ്പിൻ

Manufactured by

The Pushpa Industries,

Parippu, Kottayam-

എനിക്കു ജീവനുണ്ടോ?

(പി. കെ. രവീന്ദ്രനാഥ്, പൂവക്കാട്ട്)

അച്ഛന്റെ പഴയ പെട്ടി പരിശോധിച്ചപ്പോൾ കിട്ടിയതാണ് ഈ കടലാസ്സുകഷണം. അതിപ്രകാരമായിരുന്നു.— "ഇന്നലെ ഒരുവൻ മജിസ്ട്രേട്ടിനോടു ചില ഉപദേശങ്ങൾ ആവശ്യപ്പെട്ടു. അവരുടെ സംഭാഷണം താഴെ ചേർക്കുന്നു.—

"സർ, സമക്ഷത്തിലേക്കു ദയവുണ്ടായി എനിക്ക് ഒരു ചോദ്യം ചോദിക്കാനുള്ള അനുവാദം തരണമെന്നു താഴ്മയായി അപേക്ഷിക്കുന്നു."

"എനിക്കുത്തരം പറയാൻ സാധിക്കുന്നതാണെങ്കിൽ ചോദിക്കാം."

"സർ, അതു മറ്റൊന്നുമല്ല. എനിക്കിപ്പോൾ ജീവനുണ്ടോ?"

"പോക്കുവെളിയിൽ നിങ്ങൾക്കു ഭ്രാന്താണ്"

"അല്ല സർ, തമാശല്ല. വളരെ കാര്യമായി ചോദിക്കുകയാണ്. അത് എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്"

"നിങ്ങൾക്കു സുബോധമില്ലെന്നു തോന്നുന്നു"

"ഉണ്ട് സാർ; ഞാൻ മദ്യപിക്കാറില്ല."

"എങ്കിൽ ഈ മാതിരി........"

"സർ എനിക്കു തൊഴിൽ കിട്ടുന്നില്ല."

"അതും നിങ്ങളുടെ ആദ്യത്തെ ചോദ്യവുമായി എന്തു ബന്ധമാണുള്ളത്?"

"ബന്ധമുണ്ട്; സർ, രണ്ടു മാസമായി എനിക്കു യാതൊരു ജോലിയും കിട്ടുന്നില്ല. അതെന്റെ കുറ്റമല്ലെന്ന് എനിക്കു നല്ല വിശ്വാസമുണ്ട്. എന്നെപ്പോലെയുള്ളവർ അനേകമുണ്ട്."

"ഉം, കേൾക്കട്ടെ."

"ഞാൻ യാതൊരു സംഘടനയിലും ഉൾപ്പെടുന്നില്ല. തൊഴിൽപരമായി അങ്ങനെ ഒന്നില്ലാത്തതുകൊണ്ട് എനിക്കേറ്റതായി ഉണ്ടായിരുന്നതിന്റെ അവസാനം കണ്ടിട്ട് ഒരു മാസത്തിനു മേലായി. വേലയ്ക്കു വേണ്ടി അലഞ്ഞു തിരിഞ്ഞു. പക്ഷേ വെറുതെ..."

"ദരിദ്രനിവാരണസംഘത്തോടപേക്ഷിച്ചോ"

"ഉവ്വ്, സർ. അവിടെ ആള് അധികമായിപ്പോലും."

"സഹായത്തിനാരേയും സമീപിച്ചില്ലേ."

"അധികാരികളേയും പുരോഹിതന്മാരേയും, അങ്ങനെ പലരേയും കണ്ടു. എന്നെ സഹായിക്കാൻ കെല്പുള്ള ബന്ധുക്കളും എനിക്കില്ല."

"സാധുസംരക്ഷണചട്ടപ്രകാരം നിങ്ങൾക്ക്......?"

"ഇല്ല, സർ അവിടെയൊന്നും ഒരു രക്ഷയുമില്ല. ബലം പ്രയോഗിച്ചു ജോലി തരുവിക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! സർ, ആഹാരം കഴിച്ചിട്ടു ചില ദിവസങ്ങളായി. സമക്ഷത്തിന് എനിക്കു യാചിക്കാനനുവാദം തരുമോ?"

"ഇല്ലില്ല. അതു സാധ്യമല്ല. അതു നിങ്ങൾക്കറിയാം"

"അതെ. എന്നാൽ സർ, ഞാൻ മോഷ്ടിക്കട്ടേ?"

"കോടതിയുടെ വിലയേറിയ സമയം വ്യയം ചെയ്യാനനുവദിക്കില്ല."

"സർ, എന്നാൽ ഇത് എന്റെ ജീവിതത്തെ സാരമായി സ്പർശിക്കുന്ന ഒന്നാണ്. ദിവസങ്ങളായി ഞാൻ പട്ടിണി കിടക്കുന്നതു അത്ര നിസ്സാരമായ ഒരു കാര്യമല്ല. ഈ കോട്ടും ശരായിയും വിൽക്കുന്നതിനുള്ള അനുവാദം കിട്ടുമെങ്കിൽ രണ്ടു നേരത്തെ..." അയാൾ ബട്ടൺ വിടുർത്തി കോട്ട് ഊരാൻ ഭാവിച്ചു.

"പാടില്ല. മാന്യമായ രീതിയിലല്ലാതെ നടക്കാൻ നിയമം നിങ്ങളെ അനുവദിക്കുകയില്ല."

"തെണ്ടിത്തിരിയുന്ന കുറ്റത്തിൻ പിടിക്കാതിരിക്കാമെങ്കിൽ, സർ വല്ല പീടികത്തിണ്ണയിലും രാത്രി കിടന്നുറങ്ങിക്കൊള്ളാമായിരുന്നു. അതിനെങ്കിലും എന്നെ അനുവദിക്കുമോ?"

"അവസാനമായി ഞാൻ പറയുന്നു; ഈ പറഞ്ഞതിനൊന്നും തന്നെ അനുവദിക്കാനുള്ള അധികാരം എനിക്കില്ല. മനസ്സിലായോ?"

"ബഹുമാനപ്പെട്ട സാർ, ഞാൻ ഇനി എന്തു ചെയ്യണം? നിയമാനുസൃതമായ ഒരു ജീവിതം നയിക്കാൻ എനിക്കു വളരെ ആഗ്രഹമുണ്ട്. അതുകൊണ്ട് ആഹാരമില്ലാതെ ജീവിക്കാനൊരു സൂത്രം ആ നിയമസംഹിതയിലില്ലെങ്കിൽ പറഞ്ഞുതരുമോ?

"അതെനിക്കറിയാമായിരുന്നെങ്കിൽ ഞാൻ.."

"സർ, കൊള്ളാം. അപ്പോൾ നിയമത്തിന്റെ ദൃഷ്ടിയിൽ എനിക്കു ജീവനുണ്ടോ ഇല്ലയോ എന്നാണ് എന്റെ ചോദ്യം"

"ഛേ! മനുഷ്യാ! അതിനുത്തരം പറയാൻ എനിക്കസാദ്ധ്യം. നിയമശൃംഖലയെ പൊട്ടിക്കാതെ ജീവിക്കാനസാദ്ധ്യമാണെന്ന് ഇപ്പോൾ സ്പഷ്ടമായി. പക്ഷേ നിങ്ങൾ അതു ചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളോട് എന്തോ, എനിക്കനുകമ്പ തോന്നുന്നു."

*ആശയം: ഗാൽസ്‌വർത്തി.

ഞാൻ മന്ത്രവാദിയായതു്

(എസ്സ്. കെ. വാര്യർ)

ശരിയായാലും തെററായാലും, മന്ത്രങ്ങളുടെ ശക്തിയില്ല, അവയെ ഇന്നു കൈകാര്യം ചെയ്യുന്നവരെക്കുറിച്ചുള്ള അവജ്ഞമൂലം ഇന്നത്തെ ലോകത്തിൽ മന്ത്രപ്രയോഗത്തിനു യാതൊരാവശ്യവും സ്ഥാനവും ഇല്ലെന്നു വിശ്വസിക്കുകയും ആവശ്യംപോലെ പറയുകയും ചെയ്യാറുള്ള ഞാൻ സമീപകാലത്തിൽ ചില പരിചിതന്മാരുടെ ഇടയിൽ മന്ത്രശാസ്ത്രത്തിൽ ദൃഢവ്യുൽപന്നനും ആവശ്യംപോലെ പ്രയോഗകുശലനുമാണെന്നു് ഒരു വിശ്വാസത്തെ ഉണ്ടാക്കിത്തീർത്ത ഒരു യാദൃച്ഛിക സംഭവമാണു് ഈ ലേഖനത്തിലെ ഉള്ളടക്കം. ഏതാണ്ടു മൂന്നു മൂന്നര വർഷങ്ങൾക്കു മുമ്പു് ഒരു ദിവസം ഉച്ചയ്ക്കു ഊണു കഴിഞ്ഞു് ഒന്നു മയങ്ങി ഉണർന്ന സന്ദർഭത്തിൽ ഒരു സ്ത്രീക്കു രണ്ടു ദിവസമായി പ്രസവത്തിന്റെ സുഖക്കേടു തുടങ്ങിയിട്ടെന്നും ഇപ്പോൾ വളരെ അവശയായിരിക്കുന്നു എന്നും അവിടെവരെ ഒന്നു ചെല്ലേണമെന്നും പറഞ്ഞു എന്റെ രണ്ടു പരിചിതന്മാർ വന്നുകൂടി—ഡോക്ടർ മിഡ്വൈഫിനെ വിളിച്ചു കാണിക്കുകയോ അഥവാ ഡാക്ടരെ വരുത്തുകയോ ചെയ്യുകയാണു് വേണ്ടതെന്നും പറഞ്ഞു് ഞാൻ ഒഴിയാൻ നോക്കിയെങ്കിലും, "ഏതു വേണമെങ്കിലും ചെയ്യാമെന്നും ഒന്നു നോക്കിയിട്ടുള്ള അഭിപ്രായമാണു് തങ്ങൾക്കു വേണ്ട"തെന്നും ഉള്ള അവരുടെ നിർബന്ധത്തിനു വഴിപ്പെട്ടു ഞാൻ അവരുടെ വീട്ടിൽ ചെന്നു. വീട്ടിന്റെ കിഴക്കുവശത്തുള്ള മുററത്തു ഒരു കോച്ചിട്ടു അതിന്റെ അടുക്കൽ ഒരു സ്റ്റൂളുമിട്ടു അതിന്മേൽ അവർ മുറുക്കുവാൻ തയ്യാറാക്കി വെച്ചിരുന്നു. ഞാൻ കോച്ചിയിൽ ചെന്നിരുന്നു ഒന്നു മുറുക്കിയിട്ടു അകത്തേക്കു പോകാമെന്നു കരുതിയെങ്കിലും ഇരുന്ന മാത്രയിൽ തന്നെ അകത്തുനിന്നു ഗർഭിണിയുടെ ഒരു ദീനരോദനം കേൾക്കുകയാൽ പിന്നീടു മുറുക്കാമെന്നു പറഞ്ഞു ഉടനെ അകത്തേക്കു പോയി. ഗർഭിണിയെ പരിശോധിച്ചതിൽ, "അവർക്കു പ്രസവത്തിനു തടസ്സമായി യാതൊരു സംഗതികളുമില്ലെന്നും എന്നാൽ പ്രസവം വളരെ സമീപിച്ചുവെന്നും ഏറിയാൽ ഒരു രണ്ടുമണിക്കൂർ സമയത്തിനകം പ്രസവം ഉണ്ടാകുമെന്നുമാണു് എനിക്കു തോന്നിയതു്. ഞാൻ വെളിയിൽ വന്നു, അത്രം ഒന്നും പരിഭ്രമിക്കേണ്ടതില്ലെന്നും രണ്ടു മണിക്കൂറിനകം പ്രസവിക്കുമെന്നാണു് തോന്നുന്നതെന്നും ആദ്യ പ്രസവമായതുകൊണ്ടു നിസ്സാരോപദ്രവങ്ങൾ ആരംഭിച്ചതോടുകൂടി പ്രസവത്തിന്റെയെന്നു ധരിച്ചു പരിഭ്രമിക്കുകയും വേണ്ടപോലെ ആഹാരം മുതലായതു കൂടാതെയുള്ള രണ്ടു ദിവസത്തെ കിടപ്പായിരിക്കണം തോന്നിക്കപ്പെടുന്ന അവശതയുടെ കാരണമെന്നും രണ്ടു മണിക്കൂറിനകം പ്രസവിച്ചില്ലെങ്കിൽ മററു കാര്യങ്ങൾ ആലോചിച്ചാൽ മതിയെന്നും പറഞ്ഞു് ഞാൻ അപ്പോൾതന്നെ പോന്നു. ഞാൻ പോന്നതിനുശേഷം ഏതാണ്ടു ഒന്നര മണിക്കൂറിനകം പ്രസവിച്ചു എന്നും കുട്ടിയും തള്ളയും സുഖമായിരിക്കുന്നുവെന്നും സന്ധ്യയ്ക്കു മുമ്പായി അവർ വന്നു പറയുകയും ചെയ്തു, രണ്ടുപേരും ഇപ്പോഴും സുഖമായി ജീവിച്ചിരിക്കുന്നു.

ആ രംഗം അങ്ങനെ കഴിഞ്ഞു. ഏതാണ്ടു ആറു മാസത്തിനു ശേഷം ഒരു ദിവസം എന്റെ ഒരു സ്നേഹിതൻ കൂടിയായ ഒരു ചെറിയ ഉദ്യോഗസ്ഥൻ വന്നു ഏതാണ്ടു പരിഭവസ്വരത്തിൽ എന്നോടു പറഞ്ഞു. "ഇന്നലെ ഞാൻ വല്ലാതെ പരിഭ്രമിച്ചു. എത്ര തവണ അന്വേഷിച്ചു. എവിടെയായിരുന്നു? എന്റെ ഭാര്യ ഇന്നലെ രാവിലെ പ്രസവിച്ചു. വിശേഷാൽ ഉപദ്രവമൊന്നുമുണ്ടായില്ല പ്രസവത്തിനു, എന്നാൽ മറുപിള്ള (അപരാ- Placenta) പോന്നില്ല. ഇന്നലെ ഉച്ചവരെ കാത്തിരുന്നു. അതിന്റെ ശേഷം മൂന്നുനാലു പ്രാവശ്യം ഇവിടെ അന്വേഷിച്ചു. കണ്ടില്ല. വളരെ കഷ്ടപ്പെട്ടു ഒടുവിൽ സന്ധ്യയോടുകൂടി എടുപ്പിക്കുകയാണുണ്ടായതു്. ആലപ്പുഴയ്ക്കാണു് പോയതെന്നറിയുന്നതും നാലുമണിയോടുകൂടിയായിരുന്നു". ചിലപ്പോൾ അങ്ങിനെ പററിയാൽ പിന്നെ അല്ലാതെ എന്തു ചെയ്യും. ഉണ്ടായിരുന്നെങ്കിൽ എടുക്കാതെ കഴിക്കാൻ നോക്കാമായിരുന്നെന്നു" ഞാൻ പറഞ്ഞു. "അതാണു് മൂന്നുനാലുതവണ അന്വേഷിച്ചതു്— ആലപ്പുഴയ്ക്കാണു് പോയതെന്നറിഞ്ഞപ്പോഴാണു് വേറെ വഴി നോക്കിയതു്. അന്നത്തെ ആ പ്രയോഗം ഒന്നു മതിയായിരുന്നു. ആ നിമിഷത്തിനകം കാര്യം സാധിക്കുമായിരുന്നു." "ഏതു പ്രയോഗം" ഞാൻ ചോദിച്ചു. വെററിലയിലുള്ള പ്രയോഗം? വെററില പ്രയോഗം എന്നതു് എന്താണെന്നുതന്നെ എനിക്കു മനസ്സിലായ

(ശേഷം പതിനെട്ടാം പേജിൽ)

പതിമൂന്നാം പേജ്

(ബാലൻ)

ഈ ആഴ്ച ഒരു ഗംഭീരന്റെ മരണവാർഷികമാണ്. ജനുവരി 2-ാംനു- റാൽഫ് ഫോക്സ് കൊല്ലപ്പെട്ടു. അദ്ദേഹം ആരായിരുന്നു?

യൂറോപ്പിലെ ഫാഷിസ്റ്റാക്രമണത്തിന്റെ ഒന്നാമങ്കം സ്പെയിനിലാണാടിയത്. ജനാധിപത്യമനുസരിച്ച് സ്ഥാപിക്കപ്പെട്ട ഒരു ഗവർമ്മെന്റിനെ നശിപ്പിക്കുവാൻ ഹിറ്റ്ലരുടെയും മുസ്സോലിനിയുടെയും കോടാലി കൈയ്യ് ആയി ജനറൽ ഫ്രാങ്കോ പ്രവർത്തിച്ചു തുടങ്ങി. ഈ കൈയേറ്റത്തെ വിശുദ്ധമതത്തിന്റെ പേരിൽ പാപ്പാ അനുഗ്രഹിച്ചു. ബ്രിട്ടൻ ഫ്രാങ്കോയെ താലോലിച്ചു. അമേരിക്ക കണ്ണടച്ചു. ഫ്രാൻസ് അനുകരിച്ചു. സോവിയറ്റ് യൂണിയൻ മാത്രം കുറെക്കാലത്തേക്കു സ്പെയിനിനെ സഹായിച്ചു. പക്ഷേ ഒരു ലോകമഹായുദ്ധത്തിലേക്ക് യൂറോപ്പിനെ വലിച്ചിഴക്കുമെന്നു കണ്ട് അദ്ദേഹം പിൻവാങ്ങേണ്ടതായി വന്നു. സർവ്വരാജ്യസഖ്യം ഇംഗ്ലണ്ടിലുണ്ടാക്കി ഫ്രാൻസിൽ ചായമിട്ട ഒരു മരപ്പാവയായിരുന്നു എന്ന് അന്നാണ് ലോകം മനസ്സിലാക്കിയത്. ഇങ്ങനെ നിസ്സഹായ ആയ സ്പെയിനിനെ സഹായിക്കുവാൻ സ്വാതന്ത്ര്യപ്രേമികളായ ലോകജനത മാത്രം ശേഷിച്ചു. ഭാരതത്തിൽനിന്ന് തന്നെ പണ്ഡിറ്റ് നെഹ്റുവിന്റെ നേതൃത്വത്തിൽ സ്പെയിനിനു ചെയ്ത സഹായം നാം മറന്നിട്ടില്ല. യൂറോപ്യൻ ജനതയും സ്വസ്ഥമായിരുന്നില്ല. പക്ഷേ സൈനികമായി സഹായം കൊടുക്കുന്നതിൽ ഒരു ദുർഘടമുണ്ടായിരുന്നു. ഹിറ്റ്ലരുടെയും മുസ്സോളിനിയുടെയും പട്ടാളങ്ങൾക്ക് യഥേഷ്ടം സ്പെയിനിലേക്ക് പോകാമായിരുന്നു. അതു തടയാൻ ബ്രിട്ടനു കഴിവുണ്ടായിരുന്നില്ല. അഥവാ തടയാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. നേരെ മറിച്ച് ജനകീയപക്ഷത്തെ സഹായിക്കുവാൻ പുറപ്പെട്ടവരുടെ മുമ്പിൽ പിന്തിരിപ്പൻ ഗവർമ്മെന്റുകൾ വളരെ ദുർഘടങ്ങൾ വെച്ചിട്ടു. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്നും സന്നദ്ധഭടന്മാർ സ്പെയിനിലേക്കൊഴുകി. ഈ പ്രവർത്തനമെല്ലാം ഒളിവിലിരുന്നുകൊണ്ട് നയിച്ചത് ഇന്നത്തെ യൂഗോസ്ലേവിയൻ പ്രധാനമന്ത്രി മാർഷൽ ടിറ്റോയാണ്. ഈ അഖിലരാഷ്ട്ര സന്നദ്ധസംഘത്തെ രണാങ്കണത്തിലേക്കു നയിച്ച വീരസ്വർഗ്ഗം പ്രാപിച്ച മഹാനാണ് റാൽഫ് ഫോക്സ്. അദ്ദേഹം മരിക്കുമ്പോൾ (1937) 37 വയസ്സേ ഉണ്ടായിരുന്നുള്ളൂ. ഒരു പ്രശസ്ത സാഹിത്യകാരൻ; തൊഴിലാളി സംഘടകൻ എന്നീ നിലകളിൽ വിശ്വപ്രശസ്തി ആർജ്ജിച്ചുകഴിഞ്ഞിരുന്ന ആ ദേഹത്തെ കൊലചെയ്ത വിഷബീജം, അതിന്റെ മാതൃശക്തി തന്നെ നശിച്ചിട്ടും, ഇന്നും നിലനിൽക്കുന്നുവെന്നതാണ് വ്യസനകരമായ പരമാർത്ഥം. ബ്രിട്ടീഷ് സാമ്രാജ്യത്വം അതിനെ താലോലിക്കുന്നെങ്കിൽ അതിലത്ഭുതപ്പെടാനവകാശമില്ല. ആ വിഷബീജം ഭാരതത്തിൽ വളരാൻ അനുവദിക്കാതിരിക്കുക മാത്രമാണ് സ്വാതന്ത്ര്യപ്രേമികളുടെ കർത്തവ്യം.

* * *

ഈ ഫ്രാങ്കോ പ്രണയം ബ്രിട്ടീഷ് വിദേശകാര്യമന്ത്രിക്ക് മോസ്കോയിൽ വളരെ പ്രയോജനകരമായിരുന്നില്ലെന്നു തോന്നുന്നു. ഒന്നാമതു, മോസ്കോയിലേക്ക് പോകുന്നതുതന്നെ അപമാനകരമാണ്. ബെവിൻ സായ്പവ, അ[illegible]ന്യ കൈയ്യാലിരുന്നിട്ടും മോസ്കോയ്ക്ക് പോയതു വളരെ മോശമായിപ്പോയി. ബ[illegible]ം മസ്സാനിക്കും അത്ര തീരെ രസിച്ചിട്ടില്ല. പോയിട്ടോ. പോയിട്ടും ഒരു പ്രയോജനവുമില്ല. സാമ്പ്രദായിക നീതി നടത്താനായിട്ടാണ് പോയതു്. സാധുവും ബുദ്ധിഹീനനും, ഈശ്വരഭക്തനുമായ ഇറാൻഷായെ രക്ഷിക്കുവാൻ. ബെവിൻ തൊഴിലാളിയായതുകൊണ്ട് ഷായെ രക്ഷിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. ഷാ ആണെങ്കിൽ ഒരു തൊഴിലാളിയാണ്. അമേരിക്കൻ പെട്രോൾ കമ്പനിയുടെ ഒരു തൊഴിലാളി. ആ സാധു ഷായുടെ രാജ്യത്ത് സോവിയറ്റു കാട്ടാളന്മാർ അക്രമം പ്രവർത്തിക്കുന്നത്രേ. പക്ഷേ ഇതൊന്നുമല്ല ഒരു വിഷമം. ആ മൊളോട്ടോവിന്റെ നിർബന്ധം, ബ്രിട്ടീഷ് അമേരിക്കൻ പട്ടാളങ്ങളെ ഇൻഡോനേഷ്യാ, ചൈനാ, ഇന്ത്യ എന്നിവിടങ്ങളിൽനിന്ന് പിൻവലിക്കണമെന്ന്. നോക്കണേ അഹംഭാവം. ഇവർക്കെന്താ ഇതൊക്കെ പറയാൻ കാര്യം. അവർക്കും ചില നോട്ടങ്ങൾ ഉണ്ട്. മസ്സാനി പണ്ടേ പറഞ്ഞിട്ടില്ലേ. സ്റ്റാലിൻ ചക്രവർത്തിക്ക് ഇന്ത്യയുടെമേൽ ഒരു കണ്ണുണ്ട്. പണ്ട് മസാനി സോഷ്യലിസ്റ്റായിരുന്നപ്പോൾ സ്റ്റാലിൻ പറഞ്ഞതാണ്, അന്നു തന്നെ മസാനിക്ക് മനസ്സിലായി സ്റ്റാലിൻ കമ്മ്യൂണിസത്തെ വഞ്ചിക്കുമെന്ന്. അതുകൊണ്ട് പു

ളികാരൻ തീരുമാനിച്ചു, ററാററായുടെ ഫാക്ടറിയിൽ നിന്നു് കുറെ ഉറച്ച കമ്യൂണിസം പാർത്തെടുക്കാമെന്നു്. നല്ല ഉരുക്കുപോലത്തതു്. കടിച്ചാൽ പൊട്ടാത്തതു്.

പക്ഷെ ബാലനൊരു ആശയമേയുള്ളു. ഈ കള്ള ന്യൂസൊക്കെ റോയിട്ടറെന്തിനാ ഇൻഡ്യയിൽ കൊണ്ടുവന്നു് വിളമ്പുന്നതു്. ഇതൊക്കെ ഇൻഡ്യയിൽ കൊടുക്കുന്നതു് വിദ്ധ്വംസകമാണെന്നു് അവർക്കറിഞ്ഞുകൂടേ?

* * *

റോയിട്ടർക്കു് ഇതിലും വലിയ അബദ്ധം പററിയിട്ടുണ്ടു്. പണ്ടു് ഇന്തൊനേഷ്യായിൽ അനുസരണമില്ലാത്ത കുറെ ലഹളക്കാർ അവിടെ സുവിശേഷപ്രസംഗത്തിനു ചെന്ന മില്ലബി എന്നൊരു സായ്പിനെ കൊന്നുവെന്നൊരു വാർത്ത. സായ്പിന്റെ കൈയിലാണെങ്കിൽ ദൈവവും കുറെ ബോംബർവിമാനങ്ങളും, പീരങ്കികളും മാത്രമെ ഉണ്ടായിരുന്നുള്ളു. അങ്ങനെ അതു് ഒരു നീചമായ കൊലപാതകമായിത്തീർന്നു.

ഇപ്പോഴല്ലേ വേറൊരു കുഴപ്പം. ഇന്തോനേഷ്യൻ പ്രധാനമന്ത്രിയായ ഡാക്ടർ ഷാറീയറെ വധിക്കാൻ ഒരു ശ്രമം. ആരാണു് കുററവാളി. ഡച്ചുയൂണിഫോറം ധരിച്ച കുറെ ആളുകൾ. യൂണിഫോറമൊഴിച്ചാൽ ഒന്നും ഡച്ചുവകയായിട്ടില്ലെന്നതു റോയിട്ടർക്കു തീർച്ചയാണു്. പക്ഷെ ഷാറീയർ രക്ഷപെട്ടു. "നിർഭാഗ്യവശാൽ" എന്നുകൂടി ചേർക്കുക റോയിട്ടറെ.

അതുമൊരു വാർത്താവിതരണ ഏജൻസിയാണുപോലും. ഒരുത്തിയും, പരത്തിയും പിന്നെ പറയാൻ കൊള്ളുകില്ലാത്ത ചിലതും ഇങ്ങനെ വാർത്താവിതരണം നടത്താറുണ്ടു്. പക്ഷെ അതിനു പേരു വാർത്താവിതരണമെന്നല്ല, അപവാദവ്യവസായമെന്നാണു്.

ഈ വ്യവസായം അറിയാവുന്ന ആളുകൾ നമ്മുടെ നാട്ടിലും ഉണ്ടേ ഉണ്ടു്. സീജേസ്സു സംശയമാണെങ്കിൽ കാഞ്ഞിരപ്പള്ളി സഹൃദയവായനശാലാവാർഷികത്തിനു വരേണ്ടിയിരുന്നു. "പണ്ടാരരച്ചക്രം കളഞ്ഞുപോയേ" എന്നു പറഞ്ഞു നോക്കിനടക്കുന്ന സാറില്ലേ. അദ്ദേഹത്തിനു് പരാങ്മുഖസാഹിത്യമാണിഷ്ടം. പുസാ തെറിയാണെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. നീതി, സത്യം, സന്മാർഗ്ഗം ഇവയൊന്നും കൂടാതെ ഈ വകക്കാർ ഊണുകഴിക്കാറില്ല. ഭക്തിയുടെ കാര്യമാണെങ്കിൽ പിന്നെ പറയുകയും വേണ്ടാ. തൊഴിലാളി, സിഫിലിസ്, തിരുവിതാംകൂർ ഈ വാക്കുകൾ പുസാക്കാർ വളരെ കൂടുതൽ ഉപയോഗിക്കുന്നു: തിരുവിതാംകൂർ എന്ന വാക്കു് ഉച്ചരിക്കുന്നതുതന്നെ പാപമാണെന്നാണു് ഉപനിഷത്തുക്കളിൽ പറയുന്നതു്. പെൻഷൻ സാഹിത്യത്തിന്റെ രീതി കട്ടകട്ടിയാണു് കേട്ടോ, പിന്നെ അപ്ലാസ കിട്ടാഞ്ഞതു വർഗ്ഗീയവിദ്വേഷംകൊണ്ടാണു്,

ബാലനൊരഭിപ്രായം, സാഹിത്യത്തെക്കാളും നല്ല തൊഴിൽ, ഭജനയും, ഭക്തിയുമല്ലേ? മലയ്ക്കു പോകുന്ന കാലവുമാണു്. സ്വാമി ശരണം.

* * *

പിന്നെയുമുണ്ടു് കാഞ്ഞിരപ്പള്ളിവിശേഷം. ഒരെഴുത്തുകാരൻ ഒരു നാടകമെഴുതി. അതു തീരെ മോശമായി. അതുകൊണ്ടു് ആ ആളെ പുസാക്കാരനെന്നു മുദ്രയടിക്കുക. (പൊററക്കാട്ടു് ഇതു കേട്ടാൽ ആത്മഹത്യ ചെയ്യും) പിന്നീടു് ആ നാടകത്തെപ്പററി പുസാക്കമ്മററിയുടെ അദ്ധ്യക്ഷന്റെ നിരൂപണം "അനുവാദമില്ലാതെ ചോദിച്ചുവാങ്ങിച്ചു" സ്വന്തമാക്കി പിസാ വിമർശനമാക്കി തട്ടിവിടുക. ഇതെന്തൊരു വിരോധാഭാസമാണു്. കാരൂർസാറെ. ഭദ്രകാളിയെ പിശാചു പിടിച്ചോ. പരിഷൽ ത്രൈമാസികത്തിലെ ലേഖനം മോഷ്ടിച്ചാലും പോരാ, അതു പിസാക്കാരുടേതാണെന്ന ഭാവത്തിൽ പ്രദർശിപ്പിച്ചാലും പോരാ പിന്നെ അതുകൊണ്ടു പുസാക്കാരെ തല്ലുകകൂടി ചെയ്യണോ?

എന്താ ചെയ്യുക. ഭൂകമ്പമുണ്ടാവുന്ന കാലത്തു ശവക്കുഴികൾ തുറക്കുമെന്നും പ്രേതങ്ങൾ എഴുന്നേററുവരുമെന്നും ബൈബിളിൽ പറഞ്ഞിട്ടുണ്ടു്.

* * *

രക്തസമ്മർദ്ദം എന്നിങ്ങനെയൊക്കെ ഉണ്ടാകാം. കാരൂർസാറെ. മോരുകുടിച്ചാലുണ്ടാകാമോ?

* * *

ഹൃദയസ്തംഭനം മൂലം വളരെയാളുകൾ മരിക്കുന്നുണ്ടു്. പക്ഷെ പത്രറിപ്പോർട്ടനുസരിച്ചു എല്ലാം പുരുഷന്മാരാണു്. അതു ശരിയാണെങ്കിൽ സ്ത്രീകളുടെ ഹൃദയത്തിനു പ്രത്യേകശക്തി എന്തെങ്കിലും ഉണ്ടായിരിക്കണം. ഒരു റിപ്പോർട്ടിലെങ്കിലും സ്ത്രീകൾ ഹൃദയസ്തംഭനംമൂലം മരിച്ചതായി കണ്ടില്ല

വേറൊരു കാരണമുണ്ടാകാം. സ്ത്രീകൾക്കു ഹൃദയം ഇല്ലാത്തതുകൊണ്ടോ മറേറാ ആണോ? പക്ഷെ അതു പറഞ്ഞാൽ ബാലൻ "ഡിസപ്പായിന്റഡ് ലവ്വ്" ആണെന്നു പറയും അതല്ലേവിഷമം.

ഗ്രന്ഥവിഹാരം

തൃക്കമറിയിൽ

(ഏകാങ്കനാടകങ്ങൾ കെ. രാമകൃഷ്ണപിള്ള—പ്രസാധകൻ ജെ. റി. കായനാട്ടു് ആലുവാ)

സ്വീകരണം, ആവർത്തനം, ഓർമ്മകൾ മൂകസംഗീതം തൃക്കമറിയിൽ ഇങ്ങനെ അഞ്ചു ഏകാങ്കനാടകങ്ങളാണു് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഏകാങ്കനാടകങ്ങൾക്കു ഗണ്യമായ വളർച്ചകിട്ടീട്ടില്ലാത്ത മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ശ്രീ രാമകൃഷ്ണപിള്ളയെപ്പോലുള്ളവരുടെ പരിശ്രമം ഒരനുഗ്രഹമാകുന്നു്. ന്യലെടുത്തല്ലാത്ത ഏതാനും രംഗങ്ങൾ കൂട്ടിച്ചേർത്തു ഒരു ലഘുനാടകം തയ്യാറാക്കി "ഏകാങ്കനാടകം" എന്നു പേരുംകൊടുത്തു പുറത്തിറക്കുന്ന ഒരു സമ്പ്രദായം ഇവിടെ പതിവുണ്ടു്. അവയെവാസ്തവത്തിൽ ഏകാങ്കനാടകമെന്നു വിളിക്കാൻ പാടില്ല. ഒരു നോവൽ ചെറുതാക്കിയാൽ അതു ചെറുനോവൽ മാത്രമേ ആകുന്നുള്ളു; ചെറുകഥ ആകുന്നില്ല. അതുപോലെ മുൻപറഞ്ഞ വിധത്തിൽ പല രംഗങ്ങൾ കൂട്ടിച്ചേർത്ത ചെറിയ നാടകങ്ങൾ ഏകാങ്കനാടകങ്ങളല്ല ലഘുനാടകങ്ങളാണു്. ഇംഗ്ലീഷിലും മററുമുള്ള പ്രസിദ്ധപ്പെട്ട ഏകാങ്കനാടകങ്ങൾ മിക്കതും ഏകരംഗനാടകങ്ങൾ കൂടിയാണെന്നു ഈ അവസരത്തിൽ നാം ഓർമ്മിക്കണം. ഏകാങ്കനാടകം എഴുതുകയെന്നതു ഒരു വലിയനാടകമെഴുതുന്നതിനെക്കാൾ ബുദ്ധിമുട്ടുള്ളതാണു്. ഏററവും ജീവസ്സുർശിയായ ഒരു പരമമുഹൂർത്തം മാത്രമേ ഒരു ഏകരംഗനാടകത്തിൽ ചിത്രീകരിക്കാൻ സാധിക്കൂ. ആ സംഭവം തികച്ചും നാടകീയമാക്കാൻ ഗ്രന്ഥകാരൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. അയാളുടെ സ്വാധീനത്തിൽ വളരെക്കുറച്ചു സമയം മാത്രമേയുള്ളു. അതിനുള്ളിൽ വർണ്ണനയും ഉപപാദനവും ഒന്നുംകൂടാതെ ഒരു കഥയെ സംപൂർണ്ണമായി പ്രതിപാദിക്കണം. രണ്ടുമൂന്നു കഥാപാത്രങ്ങൾക്കു ജീവൻപുഷ്ടിയും കൊടുക്കണം. ആകെക്കൂടി അതിനു ഒതുക്കമുള്ളൊരു ഉടലും ചട്ടക്കൂടും ഉണ്ടായിരിക്കയും വേണം. ഇത്രയും ബുദ്ധിമുട്ടുള്ള ഏകാങ്കനാടക നിർമ്മിതിയിൽ മി. രാമകൃഷ്ണപിള്ള തികച്ചും വിജയം പ്രാപിച്ചിരിക്കുന്നു എന്നു നമുക്കു നിസ്സന്ദേഹമായി പറയാം. സ്വീകരണം എന്ന ആദ്യത്തെ കൃതിയിൽ അസാധാരണമായ ഒരു സന്ദർഭത്തെ തിരഞ്ഞെടുത്താണു അദ്ദേഹം നാടകത്തെ സൃഷ്ടിച്ചിരിക്കുന്നതു്. സന്ദർഭം അസാധാരണമാണെന്ന വിശ്വാസമല്ല; യാദൃച്ഛികത്വത്തിൽ കൂടിയാണാക്കിയതുമല്ല. കോളേജു് അടച്ചു വീട്ടിൽ അവധിക്കുവരുന്ന മകൾക്കു അച്ഛന്റെ ചെറുപ്പക്കാരിയായ ഭാര്യ നൽകുന്ന സ്വീകരണമാണു ഇതിലെ കഥാബീജം. ആ മകളും നവവധുവും സതീർത്ഥ്യകളായിരുന്നു. അങ്ങനെ പഴയ പരിചയത്തെ പുരസ്കരിച്ചു അവർ ഏറെയും തുറന്നു സംഭാഷണം ആരംഭിക്കുകയാണു്. ആ കൂട്ടത്തിൽ അവരുടെ കൂടെ പഠിച്ചു ഏതോ ഒരു ലീല പണത്തിനുവേണ്ടി ഒരു വൃദ്ധനെ വിവാഹം കഴിച്ച കഥയും മകൾ പറയുന്നുണ്ടു്. ലീലയുടെ മനോഭാവത്തെപ്പററി വളരെ അവജ്ഞയോടുകൂടിയാണു അവർ സംസാരിക്കുന്നതു്. അതേസ്ഥിതിയിൽ അകപ്പെട്ടിരിക്കുന്ന ആ നവവധു പല്ലുകടിച്ചുകൊണ്ടു അതു കേൾക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന നാടകീയത ആസ്വാദ്യമാണു്. ഇംഗ്ലീഷിൽ ഡ്രമാറ്റിക്കു് അയൺി എന്നു വിളിക്കുന്ന ഇത്തരം സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിൽ രാമകൃഷ്ണപിള്ളയ്ക്കുള്ള കഴിവു് തപ്തബാഷ്പം മുതലായ കൃതികളിലും കാണാം. ആധുനിക നാടകത്തിന്റെ ജീവനായ മാനസിക മത്സരത്തെ സജീവമായി അവതരിപ്പിക്കാൻ മി. രാമകൃഷ്ണപിള്ളയ്ക്കു സാധിച്ചിട്ടുണ്ടെന്നുള്ളതിനു ഇതിലെ ഓരോ നാടകവും തെളിവാണു്. പശ്ചാത്താപനിമഗ്നനായ ഒരു പുത്രന്റെ അന്ത്യനിമിഷങ്ങളെ വികാരതരളമായി ആവിഷ്കരിക്കുന്ന "ഓർമ്മകൾ" എന്ന നാടകമാണു് ഈ അംശത്തിൽ മുടി ചൂടിയിരിക്കുന്നതു്. സകലതും മറന്നു് സമാധാനത്തോടെ മരിക്കാനുള്ള അയാളുടെ ഉൽക്കണ്ഠയും മുഴുവൻ ഓർമ്മിപ്പിക്കുന്ന സാഹചര്യങ്ങളും കൂടിയുള്ള ആ വടംവലി—അന്ത്യശ്വാസത്തിന്റെ ദുർബ്ബലമായ പിൻതാങ്ങലോടുകൂടി നടക്കുന്ന ആ വടംവലി—സമർത്ഥമായ വിധത്തിൽ, സമുചിതമായ വാചകങ്ങളിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്.

നാടകമെഴുത്തിൽ തന്റെ ലക്ഷ്യത്തെപ്പററി ഈ ഗ്രന്ഥകാരൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. "അതിവേദനകളെ ചിത്രീകരിക്കണം. അതുപിന്നെ വർദ്ധിപ്പിക്കണം. അതു കൊടുംതീയായി പടർത്തണം" (മൂകസംഗീതം ഒന്നാം പതിപ്പിന്റെ അവതാരിക) അതിവേദനയെ

ചിത്രീകരിക്കാൻ അദ്ദേഹം സമർത്ഥനാണെന്നു സമ്മതിക്കുന്നു. പക്ഷേ അദ്ദേഹം വിവക്ഷിക്കുന്ന തരത്തിലുള്ള അതൃപ്തി നമ്മിൽ ഉണ്ടാക്കാൻ അദ്ദേഹത്തിനു കഴിവു കുറവാണെന്നാണു എന്റെ പക്ഷം. "നിഴലുകളെ" നിരൂപണം ചെയ്യേണ്ടിവന്നപ്പോൾ ഈ ലേഖകൻ സൂചിപ്പിച്ചതുപോലെ വികാരാഭാസത്തിലുള്ള രതിയാണു ഇതിന്റെ കാരണം

വികാരത്തെ നിയന്ത്രിക്കേണ്ട സന്ദർഭങ്ങളിൽ അതിന്റെ കടിഞ്ഞാണു അഴിച്ചുവിട്ടാൽ ജീവിതത്തിൽ സംഭവിക്കുന്ന പാകപ്പിഴകൾപോലെ ചില പാകപ്പിഴകൾ നാടകത്തിലും സംഭവിക്കും. നിയന്ത്രണത്തോടുകൂടി ഉച്ചരിക്കപ്പെടുന്ന ഒരു വാക്കിന്റെ ശക്തി ഒരു നീണ്ട പ്രസംഗത്തിനു തീർച്ചയായും ലഭിക്കുകയില്ല. ഇതിലെ പല കഥാപാത്രങ്ങളിൽ കൂടി ചിലപ്പോൾ മി. രാമകൃഷ്ണപിള്ളയാണു സംസാരിക്കുന്നതു. ആ സംഭാഷണരീതി വികാരം വാരി ചിതറിയ ഒന്നാണു. ആവർത്തനം എന്ന നാടകത്തിൽ ഒരു വേലക്കാരനും വൃദ്ധനും ആയ കറുമ്പൻ പറയുകയാണു "കുഞ്ഞേ! ഓർമ്മിപ്പിക്കാതെ. പത്തിരുപതു വർഷം കഴിഞ്ഞിട്ടും ആ വേദന പോയിട്ടില്ല.... എന്റെ കുഞ്ഞേ! എത്ര വെള്ളമാണവർ കുന്നിരുന്നതെന്നു നിനക്കറിയാമോ ... എന്നെ ഓർമ്മിപ്പിക്കാതെ. മനുഷ്യരാണു പോലും, മനുഷ്യർ". ഓർമ്മകൾ, നിഴലുകൾ, അപശകുനം മുതലായ പതിവു പ്രയോഗങ്ങൾക്കു മി. രാമകൃഷ്ണപിള്ള വ്യാമോഹിക്കുന്നതും, സ്ഥാനവും പ്രയോജനവും ഉണ്ടോ എന്നു അദ്ദേഹം തന്നെ ഒന്നു ആലോചിച്ചുനോക്കേണ്ടതാണു. "ഓർമ്മകളി"ലെ ഡാക്ടർ "എന്നെ ഓർമ്മിപ്പിക്കാതെ" എന്നു പറയുന്നതിനു അർത്ഥമുണ്ടു. പഴയ കറുമ്പനും വെളുമ്പനും എല്ലാം ഈ ധ്വന്യാത്മകതയിൽ കൂടി ഇങ്ങനെ നീങ്ങുന്നതു എന്തൊരു പന്തികേടാണു!

മൂകസംഗീതം, ഇരുട്ടുമുറിയിൽ ഈ നാടകങ്ങളും നന്നായിട്ടുണ്ടു. "മൂകസംഗീത"ത്തിനു മാർക്കു ആൺസ്റ്റീൻ എന്ന യിഡ്ഡിഷ് നാടകമെഴുത്തുകാരന്റെ "അനശ്വരഗാന"വുമായുള്ള സാദൃശ്യം കേവലം യാദൃച്ഛികമായിരിക്കാൻ ഇടയില്ല. (ശ്രീ ചങ്ങമ്പുഴ ഈ നാടകത്തിന്റെ തർജ്ജിമ ഈയിടെ പ്രസിദ്ധപ്പെടുത്തിയതു വായനക്കാർ ഓർമ്മിക്കുമല്ലോ) യാദൃച്ഛികമല്ലെങ്കിൽ അതു പറയാഞ്ഞതു നന്നായില്ല. "ഇരുട്ടുമുറിയിൽ" ഒരു നാടകീയസംഭാഷണമാണു. അതു നാടകത്തേക്കാളും അധികം കവിതയാണു—ഭംഗിയുള്ള ഒരു ഗദ്യകവിത മറിക്കാൻ പോകുന്നവൻ പ്രാസഭംഗിയുള്ള വാചകങ്ങൾ അടുക്കിയടുക്കി പറയുന്നതിലുള്ള അസ്വാഭാവികതയെപ്പററി ഓർമ്മിക്കാതിരിക്കാമെങ്കിൽ അതു ഒരു മനോഹരമായ കലാസൃഷ്ടിയാണു.

ഈ പുസ്തകത്തിന്റെ പുറത്തെ പടം വരച്ച കെ. ആർ. എ. ഒരാശാരിയാണെങ്കിൽ അദ്ദേഹം ഉളികൊണ്ടു പോറിയ ചിത്രം ഭംഗിയായി.

(എസ്. ഗുപ്തൻനായർ)

കവനാഞ്ജലി

(ഗ്രന്ഥകർത്താ—അമ്പലപ്പുഴ കെ. പി. ഗോപാലപിള്ള. ആമുഖം, ജി. ശങ്കരക്കുറുപ്പു. അവതാരിക, കുററിപ്പുഴ പി. കൃഷ്ണപിള്ള. വില അണ 8)

ഇഷ്ടസംഗീതം, വിരഹവിലാപം, ഒരനുശോചനം മുതലായി പതിനഞ്ചു ലഘുകവിതകൾ ഇതിലടങ്ങിയിരിക്കുന്നു. രസാനുഗുണമായ വൃത്തം തെരഞ്ഞെടുക്കുന്നതിൽ ഗ്രന്ഥകാരൻ പ്രകടിപ്പിച്ചിട്ടുള്ള ഔചിത്യം സ്മരണീയമാണു. കവിയുടെ ഭാവനാസമ്പത്തു ഗ്രന്ഥത്തിൽ ആദ്യവസാനം പ്രകടമായിക്കാണാം. ശ്രീ ഗോപാലപിള്ള ഒരു ഉല്ലേഖഗായകനായിട്ടാണിതിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു. അനുവാചകനു മുഷിവു തോന്നത്തക്കവണ്ണം ഉല്ലേഖങ്ങൾ കോരി വിളമ്പിയിരിക്കയാണു. കവിതയിൽ അലങ്കാരമല്ല, അലങ്കാരബാഹുല്യത്തിൽ കവിത എന്നതാണു ഇതിലെ ചില കവിതകളുടെ നില. പുരാണം, ചരിത്രം, ചരമം; സ്വാഗതം, പ്രകൃതി ഇങ്ങനെ വിവിധോപാധികളിൽ കൂടി കവിതാകാമിനി ഇദ്ദേഹത്തെ കടാക്ഷിക്കുന്നു. പക്ഷേ ശ്രീ ഗോപാലപിള്ള ജനസാമാന്യത്തിന്റെ കവിയല്ല, ജീവിതസ്വപ്നക്കാരുടെ കവിയാണു എന്നു പറയാതിരിക്കത്തക്കവണ്ണമുള്ള ഒരു കവിതയും ഇതിലില്ല. അദ്ദേഹത്തിന്റെ "സാഹിത്യമാർഗ്ഗം" നീണ്ടു പരക്കുമെങ്കിൽ നന്നായിരുന്നു.

(കാരൂർ)

കസ്തൂർബാ ഗാന്ധി

(ശ്രീമതി കെ. ഇ. അന്നമ്മ എം. എ. എൽ. റ്റി. പ്രസാധകന്മാർ നാഷണൽ ബുക്കുഡിപ്പോ കോട്ടയം. പേജു 169. വില 1 ക 8 ണ അവതാരിക— മിസ്സിസ്സ് ത്രേസ്യാമ്മ ഐസക്കു, വനിതാമിത്രം പത്രാധിപ)

ലോകൈകമഹാനായ മഹാത്മാ ഗാന്ധിയുടെ അഞ്ചു വ്യാഴവട്ടക്കാലത്തെ ജീവചരിത്രത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു മഹജ്ജീവി

ഏകാങ്കനാടകം

തോട്ടിയും കെട്ടിയോളും

ഹരീന്ദ്രനാഥ ചട്ടോപാദ്ധ്യായ

(വിവർത്തകൻ എസ്സ് കെ നായർ)

ഒരു തെരുവീഥി—തോട്ടിയും അയാളുടെ കെട്ടിയോളും പ്രവേശിക്കുന്നു

തോട്ടി:—മാലോകരു് എന്തു പറഞ്ഞാലും ശരി, എന്റെ തൊഴിലിനു് ശരി ഈ പരന്ന പൂലോകത്തു് വേറെ ഏതാണുള്ളതു്?

കെട്ടി:—അയ്യേ, ഈ ചെലയ്ക്കണ നാവിന്നു വിഴണതു്. വല്ലോരും കേട്ടാലുണ്ടല്ലോ ഇയാൾക്കു തനി പ്രാന്താന്നേ നിരീക്കൂ. ഇയാളെ ആരാനും പിടിച്ചു് പൂട്ടീടും കേട്ടോ.

തോട്ടി:—പ്രാന്തു മാത്രമേ എനിക്കില്ലാണ്ടുള്ളൂ. നമ്മള് ഇല്ലാതിരുന്നെങ്കി ചപ്പുചവറു നെറഞ്ഞ ഈ നെരത്തു വഴിക്കൂടെ അന്തസ്സിൻ നടന്നുപോണ മാളോരെപ്പോലെയൊക്കെ എനിക്കും അറിയാം പ്രസംഗം പറയാൻ. അതൊണ്ട് തന്നെയാ ഞാൻ പറേണെ നമ്മടെ തൊഴിലുപോലെ മേന്മപ്പെട്ടതു് വേറൊന്നുമല്ലാന്നു്. അതെന്തുകൊണ്ടാന്നോ? നമ്മളല്ലേ എന്നുനേരോം ഇവിടെ വൃത്തിയാക്കണേ. ഇല്ലായിരുന്നെങ്കിക്കാണായിരുന്നു എല്ലാത്തിനേം ദീനോം സൂക്കേടും പിടിപെട്ടേനെ. ദൈവം തമ്പുരാൻതന്നെ ഓരോ മനുഷ്യരെ ദ്രിഷ്ടിച്ചതു തോട്ടിയാവാനാ. ഏതു ജാതീപ്പിറന്നാലും വേണ്ടൂല എല്ലാവനും ഈ തൊഴില് ചെയ്യണം. ലോകത്തിലു് വൃത്തീം മെനേം വരുത്തേണ്ടതു പിന്നെയാരാ?

കെട്ടി:—ഓ ഇയാക്കടെ വർത്താനം കേട്ടാ ഒരു മഹാബ്രാഹ്മണനാന്നു തോന്നും!

തോട്ടി:—അതെ പെണ്ണേ. ഇമ്മളും ബ്രാഹ്മണരു തന്നെയാ. പിറവിനോക്കിയാണോ നമ്മള് ഓരോന്നു പറേണതും വിചാരിക്കണതും? അങ്ങനെ കരുതണതു മണ്ടന്മാരാ.

കെട്ടി:—എന്നിട്ടു് നിങ്ങളു് ബ്രാഹ്മണരു് നടക്കണ വഴിക്കൂടേ നടക്കിണപോലുമില്യ.

തോട്ടി:—അവരു ഇമ്മടെ വഴിക്കൂടേം നടക്കണില്ലല്ലോ. രണ്ടും ശരിയല്ലേ?

കെട്ടി:—നമ്മക്കു പൊട്ടിക്കാൻമേലാത്ത ചങ്ങലകൊണ്ടു് അവരു നമ്മെ കെട്ടിക്കളഞ്ഞു.

തോട്ടി:—ആ ചങ്ങലകൊണ്ടുതന്നെ അവരുടെ ആത്മാവിനേയും അവരു കെട്ടീട്ടുണ്ടു്. ഒരു ദിവസം വരൂടി, അന്നു് ഈ ചങ്ങലേം കയറും ഒക്കെ ഇമ്മള് തന്നെ പൊട്ടിക്കൂലേ?

കെട്ടി:—അയ്യോന്നു് ദേ, എന്തൊരു നല്ല മണമാ വരണെ. ആവു ആവു നല്ല കറിമണം! മസാലേടെ മണം. ദേ ആ പട്ടരുസാമീടെ വീട്ടീന്നാ അതു്. എന്റെ മൂക്കിലങ്ങു കേറീട്ടു്, അരി തെളയ്ക്കണപോലെയാ ഉള്ളിക്കിടന്നു കൊതി തുള്ളുന്നതു്.

തമാണു് വിമർശന വിധേയമായ പ്രസ്തുത പുസ്തകത്തിലെ പ്രതിപാദ്യം. മഹത്തുക്കളുടെ സഹധർമ്മിണികൾ അവർക്കനുരൂപയായ വ്യക്തിവൈശിഷ്ട്യമുള്ളവരായിരിക്കണമെന്നില്ല. പലപ്പോഴും അതിനും വിപരീതമായിട്ടും കാണാറുണ്ടു്. മഹത്തുക്കളോടുള്ള ബന്ധംകൊണ്ടു് ഇല്ലാത്ത വലിപ്പം വച്ചുകെട്ടി ഔന്നത്യത്തിലേക്കുയർത്തപ്പെടുന്നവരുമുണ്ടു്. ഭാരതമാതാ കസ്തൂർബാ ഗാന്ധിയാകട്ടെ പാഠശാലയിൽ വിദ്യാഭ്യാസം ചെയ്യാതിരുന്നിട്ടും ഉത്തമയായ പത്നിയും മാതാവുമായി ഭാരതീയവനിതകൾക്കു ആദർശയോഗ്യയായി ജീവിച്ച ഒരു മഹതിയാണെന്നുള്ളതു് ജനസാമാന്യത്തെ പറഞ്ഞറിയിക്കേണ്ടതില്ല. അടുക്കളയിൽ ജോലി ചെയ്തും അതിഥികളെ പൂജിച്ചും ഭർത്താവിനെ ശുശ്രൂഷിച്ചും സ്വസന്താനങ്ങളെ വളർത്തിയും ജീവിതം നയിച്ച ഈ ഭാരത ജനനി എങ്ങിനെ ലോകരുടെ അകൃത്രിമമായ കൃതജ്ഞതയ്ക്കും ബഹുമാനത്തിനും പാത്രമായി എന്നു് ഈ ഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടു്. സംഭവബഹുലമായ ബായുടെ ജീവചരിത്രം പതിമൂന്നദ്ധ്യായങ്ങളിലായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഈ ജീവചരിത്രം ഭാരത സ്വാതന്ത്ര്യ യത്നങ്ങളുടെ മുപ്പതു് വർഷത്തെ ചരിത്രം ഉൾക്കൊള്ളുന്നതാണു്. ഗ്രന്ഥകർത്താവിന്റെ പ്രസന്നമായ ഭാഷാശൈലിയും പ്രതിപാദനരീതിയും ഈ ജീവചരിത്രത്തിന്റെ മാറ്റുകൂട്ടുന്നു.

(കാരൂർ)

—o—

തോട്ടി:—മാനത്തിലിരിക്കണ വല്യതോട്ടിത്തമ്പ്രാനാണെ, നിനക്കാ ഇപ്പോ മുഴുത്ത പ്രാന്ത്! ഇതേ, കൊതികൊണ്ട് നിന്റെ കണ്ണുരണ്ടും കൊല്ലിമുളകുപോലെ ചോവന്നിരിക്കണു.

കെട്ടി:—എനിക്ക വിശന്നു പൊരിയുന്നു.

തോട്ടി:—വെശപ്പു ലോകത്തില് പലമാതിരിയാടീ. നിനക്കിപ്പോ വല്യ ആവശ്യമില്ലാത്ത മൂക്കിന്റെ വെശപ്പാ. അത് തീർത്തില്ലെങ്കിലും തരക്കേട് വരാനില്ല.

കെട്ടി:_നല്ല സാദനം നമ്മള് എന്നെങ്കിലും കഴിച്ചിട്ടുണ്ടോ?......

തോട്ടി:-ഇല്ല. അതിനെന്താടീ? തിന്നതിന് വയറും വീർപ്പിച്ച് രാപ്പകലില്ലാതെ കൂർക്കം വലിച്ച് കെടക്കുന്നോരങ്ങാനാ നമ്മളെപ്പോറ്റുന്നത്? അങ്ങനെവല്ലോരും ഭൂമീലൊണ്ടെങ്കി, അതീ കലികാലത്തെ ബ്രാഹ്മണരാ! എന്റെ ദൈവന്തമ്പ്രാനേ, ഉണ്ടുണ്ട് കുടവയറും വീർപ്പിച്ച് ശ്വാസംമുട്ടിയാ അക്കൂട്ടരു കഴിയുന്നേ.......ഒരു തോട്ടീടെ വയറ എത്രനാളതാ? ആ വയറ് പൊരിഞ്ഞു പ്രാർത്ഥിക്കുമ്പോ അങ്ങുമേലിലുള്ളയാള് അതു കേൾക്കുകെങ്കിലും ചെയ്യുല്ലേ.

കെട്ടി:-എങ്ങനെ കേൾക്കാനാ? ഇന്നേത്തീയതിവരെ നമ്മടെ പ്രാർത്ഥന അങ്ങുമേലില് കേട്ടിട്ടില്ല. അല്ല, അതു ദൈവത്തിന്റെ കുറ്റമല്ല. എങ്ങനെ കേൾക്കാനാ? അമ്പലത്തിനകത്തു നടക്കണ മേളത്തിനിടയ്ക്ക് ആ ചങ്കുവിളീം, ചെണ്ടകൊട്ടും, വെടീം, പൊക്കേം ഒക്കെ എല്ലാറ്റ് അങ്ങേരുടെ കണ്ണുംചെവീം പൊട്ടിരിക്കുവാണ്.

തോട്ടി:-മണ്ടിപ്പെണ്ണേ, നിനക്ക വിശ്വാസം കുറവാ. ചെണ്ടകൊട്ടും ചങ്കുവിളീംകൊണ്ടല്ലാ ദൈവന്തമ്പുരാൻ ഇതൊന്നും കേൾക്കാതിരിക്കണെ നമ്മടെ പ്രാർത്ഥനയ്ക്ക് ശക്തിപോരാഞ്ഞിട്ടാ. ആക്കാര്യം വേണ്ടീട്ട് ഓക്കാനിക്കുന്നപോലെ പ്രാർത്ഥിച്ചാ അതങ്ങു ചെല്ലൂല്ല.

കെട്ടി:-വയറുപൊരിയുമ്പോ പ്രാർത്ഥിക്കാൻ ചേഷ്ടി എവിടെന്നാ?

തോട്ടി:_നമ്മള ശരിക്ക പ്രാർത്ഥിച്ചാൽ ആകാശോം കൂടെ തകർന്ന് താഴെ തരിപ്പണമായി വീഴും.

(ഏകനാഥൻ എന്നൊരു ബ്രാഹ്മണൻ പ്രവേശിക്കുന്നു)

ഏക:-സഹോദരാ, അകത്തേക്ക വരൂ. മഠത്തിൽ അമ്മാൾ ഭക്ഷണം തെയ്യാറാക്കിക്കാത്തിരിക്കുന്നു.. നീ മക്കളേയും കൂട്ടിക്കൊണ്ട് ഉടനെ കഴിക്കാൻ വരണം. ഇന്നു ഞങ്ങൾ പിതൃക്കൾക്ക് ശ്രാദ്ധമൂട്ടുന്ന ദിവസമാണ്.

(ഏകനാഥൻ പോകുന്നു)

കെട്ടി:-നോക്കണേ, അദ്ഭുതം ഒണ്ടല്ലോ. ആ സാമിയേ. അങ്ങേരു തന്നെയ് അങ്ങോരിക്കടെ പിതൃ!

ഏക:-വിഡ്ഢിപ്പെണ്ണേ, നിനക്ക വിശ്വാസമില്ല. യഥാർത്ഥ പ്രാർത്ഥനയ്ക്ക് ഫലമില്ലാതെ പോകില്ല-

—o—

ഞാൻ മന്ത്രവാദിയായത്

(പന്ത്രണ്ടാംപേജിൽനിന്നു തുടർച്ച)

ല്ല പ്രസവത്തടസ്സമുള്ളിടത്തു ഉടൻ പ്രസവം നടക്കുന്നതിനും മറുപിള്ള പുറക്കുന്നതിനും ഇത് ഏറ്റവും ഫലപ്രദമാണെന്നും ഇങ്ങനെയുള്ള അവസരങ്ങളിൽ ഇതു ഞാൻ സാധാരണ ചെയ്യാറുണ്ടെന്നാണറിവ് എന്നുംകൂടി ആ മാന്യൻ പറഞ്ഞു. ഈ വിശ്വാസം വെറുതെയാണെന്നും അങ്ങിനെയുള്ള അറിവ് എവിടെനിന്നു കിട്ടിയതായാലും അബദ്ധമാണെന്നു പറഞ്ഞിട്ടും അദ്ദേഹം വിശ്വസിച്ചില്ല.

ഈ വെറ്റില പ്രയോഗം എന്താണെന്ന അറിയുന്നതിനു എനിക്ക കുറേ ദിവസങ്ങൾതന്നെ വേണ്ടിവന്നു. ഞാൻ എന്റെ ആയുസ്സിൽ ഇങ്ങനെയൊരു സംഗതിതന്നെ അറിഞ്ഞിട്ടില്ലാത്തതായിരുന്നു. അന്വേഷണത്തിന്റെ ഫലമായി അടിയിലെഴുതുന്നവിവരം കിട്ടി. ആദ്യം പറഞ്ഞ കേസിൽ മുറ്റത്തിട്ടിരുന്ന കോച്ചിയിൽ ഇരുന്നു മുറുക്കുവാൻ ഭാവിച്ച ഞാൻ മുറുക്കാതെ തന്നെ രോഗിയെ നോക്കുവാൻപോയി എങ്കിലും ഒരു വെറ്റില എടുത്തു ഞെട്ടുകളഞ്ഞു ഇടത്തു കയ്യിൽ പിടിച്ചുകൊണ്ടാണ് അകത്തേക്ക പോയിരുന്നത്. രോഗിയെ പരിശോധിച്ചപ്പോഴും ആ വെറ്റില ഇടത്തുകയ്യുടെ രണ്ടു വിരലിന്റെ ഇടയിൽ ഇരുന്നിരുന്നു. പരിശോധിച്ചുകഴിഞ്ഞു പുറത്തുവന്നു കൈ കഴുകുന്നതിനു മുമ്പായി ആ വെറ്റില വലിച്ചുകീറിക്കളഞ്ഞു കൈകഴുകി വീണ്ടും മുറുക്കിയിട്ടാണ് പോന്നത്. വെറ്റില ഞാനെടുത്തത് മുറുക്കുവാനായിരുന്നെങ്കിലും അതു സംഭവിച്ചില്ല, അലസമായി അതു കയ്യിലിരുന്നു പുറത്തുവന്നപ്പോൾ അത് ഇനി മുറുക്കുവാൻ കൊള്ളുകയില്ലാത്തതുകൊണ്ടു കളയുകയും ചെയ്തു എന്തിനു വേണ്ടിയായിരുന്നു എന്നു ഇന്നും എനിക്കറിഞ്ഞുകൂടാ, അതു കീറിയാണ് ഞാൻ കളഞ്ഞത്. ഈ പരമാർത്ഥം പറഞ്ഞിട്ടും ഇന്നും ചിലർക്കതു വിശ്വസനീയമായിക്കാണുന്നില്ലെന്നുള്ളതാണ് കൗതുകകരം.

——

ചെറുകഥ

പ്രതിവാധി

(പീറ്റർ തോമസ് പുളിംകുന്നു)

രണ്ടാംക്ലാസ്സിൽ ആകെപ്പാടെ കാലിളകിയ ഒരു ബെഞ്ചുണ്ട്. കുറുപ്പുസാർ അതിൽ തോർത്തും വിരിച്ചു കിടന്നുകൊണ്ട് നല്ല ഉറക്കം. അതിലിരുന്ന കുട്ടികൾ ഇപ്പോൾ അടുത്തുള്ള മാവിന്റെ മണ്ടയിലിരിക്കുന്നു. കണ്ണിമാങ്ങാ തൊങ്ങല്പോലങ്ങനെ തിങ്ങിക്കിടക്കുന്നു. കുറുപ്പുസാർ അന്നു പതിവിൽ നേരത്തെ ഉണർന്നെങ്കിൽ മാത്രമേ ഇനിയും അവർക്കു പള്ളിക്കൂടം ഉള്ളൂ. കിട്ടുവാണു മോണിട്ടർ. അവന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ കുറുപ്പുസാറിന്റെ നന്ദിനിപ്പശുവിനു പുല്ലുചെത്തുവാൻ അടുത്തുള്ള പാടത്തേയ്ക്കു വിട്ടിരിക്കയാണ്.

ക്ലാസ്സുമുറിയിലാണെങ്കിൽ ബഞ്ചിന്റെ ചാരിൽനിന്നും തല്ലിയെടുത്ത പലകകളിലും ഊരിപ്പോയ ബഞ്ചിൻകാലുകളിലുമായി ഇരുന്നുകൊണ്ടു കുറെപ്പേർ കള്ളനും ശിപായിയും കളിക്കുന്നു. ഏതാനും ചിത്രകാരന്മാർ ചോക്കും ചുരണ്ടിയെടുത്തു ബോർഡിന്റെ മുൻപിൽ കൂടിക്കൊണ്ടു പറങ്കിമാങ്ങാ, ചുണ്ടൻവള്ളം മുതലായവ വരച്ചു രസിക്കുന്നു. ഒരു മൂലയിൽ ഒരു ഗൂഢാലോചനസംഘം. കുറുപ്പുസാറിന്റെ കീശയിൽനിന്നും ഉതിർന്നുപോയ ഒരു ബീഡി തട്ടിയെടുക്കുവാനുള്ള പണികൾ ആലോചിക്കയാണവർ. വെളിയിൽ ചില ചെങ്ങാതിമാർക്കു കിളിത്തട്ടിൽ കളി ബഹുരസം.

ഇങ്ങനെ ഗുരുവിന്റെ കുംഭകർണ്ണമഹോത്സവം ശിഷ്യന്മാർ സാഘോഷം കൊണ്ടാടിക്കൊണ്ടിരിക്കുമ്പോൾ അന്തരീക്ഷത്തിൽ ഏതോ ഒരു കാർമേഘം വന്നുമൂടിയതുപോലെ കുറുപ്പുസാറിനു തോന്നി. ആണ്ടിൽ ഒരിക്കൽമാത്രം കേൾക്കാറുള്ള ഒരു കാറിന്റെ ഹോൺ മുറ്റത്തു കേട്ടു. ഉടൻതന്നെ വരാന്തയിൽ ചെരിപ്പുകളുടെ ശബ്ദവും. അതിന്റെ അധികാരധ്വനി കുറുപ്പുസാറിനെ തട്ടിയുണർത്തി. "ഇൻസ്പെക്ടർ" എന്നു പെട്ടെന്നുണ്ടായ ഒരു തോന്നൽ അയാളുടെ ഉള്ളിൽ ഒരു തീയാളിച്ചു. കുറുപ്പുസാർ ബഞ്ചിൽനിന്നും എടുത്തൊരു ചാട്ടം ചാടിയതും അതു കുഴതെറ്റിത്തകർന്നുവീണതും ഒരുമിച്ചുകഴിഞ്ഞു.

മേലാവ് ഇങ്ങനെ സാത്താനെപ്പോലെ വന്നിറങ്ങുമെന്ന് അയാൾ ഒട്ടും കരുതിയില്ല. ഒരു വ്യോമാനാക്രമണത്തിന്റെ കാഹളം കേട്ടാലെന്നപോലെ അവിടെ എല്ലായിടത്തും ഒരു തിക്കും തിരുമ്മലും. എന്തുചെയ്യേണ്ടു എന്നറിയാതെ നട്ടംതിരിഞ്ഞു കുറുപ്പുസാർ ജന്നലിൽക്കൂടി തല വെളിയിൽ ഇട്ടുകൊണ്ടു "എടാ കിട്ടുവേ! എല്ലാവരും ഓടി വരിനെടാ" എന്നു വിളിച്ചു പറഞ്ഞു. "ഇപ്പം കിട്ടും സമ്മാനം" എന്നു പറഞ്ഞുകൊണ്ടു കിട്ടുവും കൂട്ടരും ഓടിയണയുന്നതിനു മുൻപുതന്നെ ഇൻസ്പെക്ടർ ക്ലാസ്സിൽ കയറിക്കഴിഞ്ഞു.

കുറുപ്പുസാർ ഒരു മിടുക്കനായിരുന്നു. അയാൾ ഈ വക സംഗതികളൊന്നും അറിയാതിരുന്ന മട്ടിൽ ഏതോ വിളംബരം കൊട്ടി പ്രസിദ്ധംചെയ്യാനെന്നപോലെ വടിയെടുത്തു ബോർഡിൽ ശക്തിയായി രണ്ടടിച്ചശേഷം അടുത്തിരുന്ന നിരപരാധിയായ ഒരു കുട്ടിയെ വേഗം ചൂണ്ടിക്കൊണ്ടു ചോദിച്ചു; "അപ്പോൾ പൂച്ചയ്ക്കു എത്ര കണ്ണുണ്ടെന്നു ഒന്നുകൂടി പറയൂ കുട്ടീ:"

കണ്ണും മിഴിച്ചുകൊണ്ടു പൊങ്ങിവന്ന കുട്ടി "സാർ ഇപ്പം കണക്കു പീരീഡാ. പ്രകൃതിപാഠം കഴിഞ്ഞു മണിയടിച്ചു." എന്നു പറഞ്ഞു രക്ഷപെട്ടു. ഇൻസ്പെക്ടർ ഭിത്തിയിൽ തൂക്കിയിരുന്ന പാഠവിവരപ്പട്ടിക ഒന്നു പരിശോധിച്ചപ്പോൾ അതങ്ങനെതന്നെ.

"കണക്കു പീരീഡിൽ പൂച്ചയ്ക്കുള്ളകാര്യം?" എന്നു മേലാവു പ്രശ്നംചെയ്തു.

കുറുപ്പുസാർ:—"സന്ദർഭവശാൽ"

ഇൻസ്പെക്ടർ.—"ഹും! വശാൽ! ബോർഡിൽവരച്ചുവച്ചിരിക്കുന്ന കണക്കൊന്നു പറഞ്ഞു മനസ്സിലാക്കിത്തരാമോ"

ബോർഡിലേയ്ക്കു തിരിഞ്ഞ കുറുപ്പുസാർ ത്രിശങ്കുസ്വർഗ്ഗം കണ്ടു നിശ്ചലനായിപ്പോയി. വാതിൽക്കൽ നിന്നിരുന്ന കിട്ടുവിനും കൂട്ടർക്കും ഗുരുവിന്റെ നിലതന്നെ. ഇൻസ്പെക്ടർ ഗൗരവത്തോടുകൂടി അവനോടു ചോദിച്ചു: "നീയാര്"

അവന്റെ കൈകൾ വിറച്ച് കല്ലുപെൻസിൽ താഴെവീണ് ഒടിഞ്ഞതു് അവൻ അറിഞ്ഞില്ല.

ഇൻ:—"വേഗം പറയൂ"

കിട്ടു:—"ഞാൻ മോണിട്ടറാ."

ഇൻ:—"നീ എവിടെപ്പോയിരുന്നു? സത്യം ഉള്ളതങ്ങു പറഞ്ഞേര്."

കിട്ടു:—"എങ്ങും പോയില്ല. നന്ദിനിപ്പശുവിനെ അഴിച്ചു മാറ്റിക്കെട്ടുകയായിരുന്നു."

ഇൻ:—"ആരുടെ പശു!"

കിട്ടു—"ഞങ്ങടെ കുറുപ്പുസാറിന്റെ"

മേലാവിന്റെ ഭാവം അങ്ങു മാറി. "മാസന്തോറും സർക്കാരിന്റെ ശമ്പളം പറ്റിക്കൊണ്ടു് ഇതാണോടോ തന്റെ തൊഴിൽ?"

അദ്ദേഹത്തിനു ദേഷ്യം സഹിക്കവയ്യ. ചില രാജാപ്പാർട്ടുകാർ വാൾ അതിന്റെ ഉറയിൽ നിന്നും ഊരിയെടുക്കുന്ന വൈരാഗ്യത്തോടു കൂടി മേലാവു തന്റെ കോട്ടിന്റെ പോക്കറ്റിൽ നിന്നും പേനായും ഡയറിയും വലിച്ചെടുത്തു് ഒരു ചെറിയ മഹസ്സർ തന്നെ തയ്യാറാക്കി. ബെഞ്ചിന്റെ അടിയിൽ കണ്ട ബീഡി; ബോർഡിന്റെ പിറകിൽ കിടന്ന ഒരു എരിഞ്ഞ കൊള്ളി, ചായ ഒഴിഞ്ഞിരുന്ന ഒരു തംബ്ലർ മുതലായവ തൊണ്ടികളായി.

ഇൻ—"തന്റെ പേർ പറയൂ"

കുറുപ്പുസാർ തന്നെത്തന്നെ ഒറ്റിക്കൊടുത്തു. "ത്രിവിക്രമക്കുറുപ്പു്"

"ഇൻ—വിചിത്രം! തന്റെ വിക്രമങ്ങളൊക്കെ ഇന്നവസാനിച്ചിരിക്കുന്നു."

അന്നു കാറു മാറിത്തെളിഞ്ഞപ്പോൾ എല്ലാവരുടെയും ദൃഷ്ടി കുറുപ്പുസാറിന്റെ മേൽ പതിഞ്ഞു. പക്ഷേ കുറുപ്പുസാറിന്റെ ഹൃദയത്തിൽ അപ്പോഴും ഒരു കാർമേഘം മൂടിയടിച്ചുകൊണ്ടിരുന്നു. അവരുടെ സഹതാപകണ്ണീർ തട്ടിയപ്പോൾ അതു് ഒന്നു രണ്ടു് അശ്രുബിന്ദുക്കളായി പൊഴിഞ്ഞുവീഴാതെയും ഇരുന്നില്ല. ഒന്നാംവാദ്ധ്യാർ കുറുപ്പുസാറിനെ സമീപിച്ചു പറഞ്ഞു. "സാറിന്റെ കാര്യം വളരെ വഷളായി. അദ്ദേഹം ഏതോ ഒന്നു നിശ്ചയിച്ചാണു പോയതു്. വല്ല പ്രതിവിധിയും നോക്കാതെ യാതൊരു രക്ഷയുമില്ല."

"പ്രതിവിധി?" എന്നു തന്റെ ഹൃദയത്തിൽ സദാ ഉരുവിട്ടുകൊണ്ടു കുറുപ്പുസാർ അധോമുഖനായി പതിവുപോലെ നന്ദിനിപ്പശുവിനെയും നയിച്ചുകൊണ്ടു വീട്ടിലേക്കു പോയി.

അവിടെച്ചെന്നിട്ടും ആരുമറിയാതെ പുറകുവശത്തെ വരാന്തയിൽ കുത്തിയിരുന്നുകൊണ്ടു പലവിധ വിചാരമാണു്. ഇതു കണ്ടു ഗൗരിയമ്മ ജന്നലിൽ കൂടി എത്തിനോക്കിക്കൊണ്ടു ചോദിച്ചു. "എന്തോന്നാ ഇതൊരു വല്ലായ്ക? ഇന്നു നന്ദിനിയെ കറക്കുന്നില്ലേ? ചായക്കടക്കാരൻ ഇങ്ങോട്ടു വരുന്നതിനു മുമ്പു തന്നെ പാലു കറന്നുവച്ചേക്കട്ടെ" എന്നൊരാജ്ഞയും കൊടുത്തു.

"എനിക്കിന്നു നല്ല സുഖമില്ല" എന്നു പറഞ്ഞുകൊണ്ടു കുറുപ്പുസാർ അകത്തേക്കോടിച്ചെന്നു് മൂടിപ്പുതച്ചു കിടന്നുകളഞ്ഞു. ഗൗരിയമ്മ അതിലേ കടന്നുപോകുമ്പോഴൊക്കെ ഒന്നു പുമളുണ്ടെന്നുള്ള നാട്യമല്ലാതെ തന്റെ ദിനചര്യകളിലോ ഗൃഹകാര്യങ്ങളിലോ അയാൾ യാതൊരു ശ്രദ്ധയും ചെലുത്തിയില്ല. കടയിൽ പോവുക, കുട്ടികളെ കുളിപ്പിക്കുക, ചീരയ്ക്കു വെള്ളം കോരുക മുതലായ കൃത്യങ്ങൾ അന്നു ഗൗരിയമ്മ വിശേഷവിധിയായി ചെയ്യേണ്ടിവന്നു.

ഗൃഹകാര്യങ്ങൾ ഒട്ടൊതുങ്ങിയപ്പോൾ ഗൗരിയമ്മ കുറുപ്പുസാറിനോടടുത്തു. മുമ്പേ നിന്നിട്ടു വേണം വല്ലതുമൊന്നു ചോദിക്കാനെന്നു കരുതി അവർ കട്ടിലിൽ സ്വല്പനേരം ക്ഷമിച്ചിരുന്നതിനുശേഷം ചോദിച്ചു. "എന്തോന്നാ വിശേഷം?"

കു—"എന്താ ഡോക്ടറോ മറ്റോ ആണോ?"

ഗൗ—"അത്രയ്ക്കായോ?....ഡോക്ടറെ കാണത്തക്കവണ്ണം. അതല്ലെങ്കിലും ഇവിടുത്തെ ഒരു കാര്യവും എന്നോടു മാത്രം പറയില്ല എന്നുള്ളതു നേരത്തെയുള്ള ഒരു സ്വഭാവമല്ലേ."

കുറുപ്പുസാർ ഒരഭിമാനി. തനിക്കു പറ്റുന്ന അമളികളൊന്നും ഗൗരിയമ്മയെ മാത്രം അറിയിക്കരുതെന്നു് അയാൾക്കൊരു നിർബന്ധമുണ്ടായിരുന്നു, അതും തന്റെ ഉദ്യോഗപ്രൗഢിയെ ബാധിക്കുന്നവ. തന്റെ സർക്കാരുദ്യോഗം ഒന്നു മാത്രമായിരുന്നു ഗൗരിയമ്മയെ വരിച്ചതും. എങ്കിലും കോപവും സങ്കടവും സഹിക്കവയ്യാതെ അയാൾ ഇങ്ങനെ പറഞ്ഞു. "ഹും. നിന്റെ ഒരുത്തിയുടെ വാക്കു കേട്ടാണു ഞാൻ ആ മൃഗത്തെ രണ്ടുനേരവും തെക്കോട്ടും വടക്കോട്ടും അടിച്ചുകൊണ്ടു നടന്നതു്."

ഗൗ—"എന്തു്? എന്റെ നന്ദിനിയെ ഇന്നു വല്ലവരും ഉപദ്രവിച്ചോ?"

കു—"എങ്കിൽ എത്ര ഭേദമായിരുന്നു!"

ഗൗ—"ഭേദമായിരുന്നെന്നോ? ഹും നല്ലകാര്യം അവളില്ലായിരുന്നെങ്കിൽ കാണാമായിരുന്നു എല്ലാവരും ഇപ്പോൾ കഞ്ഞികുടിക്കുന്നതു്. ഈ ജില്ലയും ഇട്ടൊരുങ്ങി പോയാൽ പിന്നെ ചായക്കടയിലും കേറി ഇറങ്ങിവരുമ്പം എത്രയാണു് വീട്ടിൽ കൊണ്ടുവരുന്നതെന്നെനിക്കറിയാം. ഞാൻ എത്രനാളായി പറേന്നു. ഇതു് രാശി കൊടുത്തും വച്ചു് എന്റെ നന്ദിനിയെ ഒന്നുകൂടി രക്ഷിച്ചാൽ ഇതിലും എത്രയോ സുഖമായി കഴിയാമെന്നു്. എത്ര ദിവസമായി അവൾ തീറ്റി വേണ്ടാതെ ഇങ്ങനെ നിൽക്കുന്നു. ഞാൻ പറഞ്ഞു പറഞ്ഞു മടുത്തു. ഇനി അവൾ ചത്തിട്ടാണോ ചികിത്സിക്കാൻ പോകുന്നതു്. ഹും ഉദ്യോഗം!"

കു— പോടീ! നീ എന്തറിയുന്നു. നമ്മുടെ രാജ്യം ഇവിടെ നമുക്കുള്ളതല്ലേ ഈ അധികാരം? ഗവർമെന്റു് കാര്യങ്ങൾ വല്ലതും നീ അറിയുന്നോ?"

ആ കാര്യത്തിൽ മാത്രം ഗൗരിയമ്മയ്ക്കു നല്ല പിടിയില്ലാതിരുന്നതിനാൽ അവർ പിന്നെ ശബ്ദിച്ചില്ല.

പിറ്റേദിവസവും പനി, വിചാരം, വിഷാദം ഇവ കൂടുതലായി. പ്രതിവിധി എന്നൊരു കൂട്ടം അയ്യാളുടെ തലയിൽ കൂടി വണ്ടിയോടിച്ചിരുന്നു. നന്ദിനിപശുവും കുറുപ്പുസാറും അന്നു പള്ളിക്കൂടത്തിൽ പോയില്ല, അന്നെങ്കിലും നന്ദിനിയെ വല്ല മൃഗവൈദ്യന്മാരെയും വിളിച്ചു കാണിക്കണമെന്നു ഗൗരിയമ്മ നിർബന്ധിച്ചു.

അവരുടെ മൂത്ത മകനാണു് കുട്ടൻ. അവൻ വഷളായി വരുന്നതു് കണ്ടിട്ടു് ചൊവ്വേനേരെ വരട്ടെ എന്നുകരുതി കുറുപ്പുസാർ അവനെ അവിടെയുള്ള വേറെ ഒരു പള്ളിക്കൂടത്തിലേക്കു് മാറ്റിയിരിക്കയാണു്. അന്നു് പള്ളിക്കൂടം വിട്ടപ്പോൾ കുട്ടൻ ഓടിവന്നു പറഞ്ഞു. അവരുടെ ക്ലാസ്സിൽ പെട്ടെന്നു് മേലാവു ചെന്നുകയറിയെന്നും അവരോടു് ചോദിച്ചതിനെല്ലാം അവൻ തെറ്റുകൂടാതെ ഉത്തരം പറഞ്ഞുവെന്നും മേലാവ് എല്ലാംകൊണ്ടും വളരെ സന്തോഷിച്ചെന്നും പള്ളിക്കൂടത്തിനു് ഉടൻതന്നെ ഗ്രാന്റു് അനുവദിപ്പിക്കാമെന്നു പറഞ്ഞെന്നും മറ്റും.

ഇതുകേട്ടപ്പോൾ കുറുപ്പുസാർ ഒന്നുവിരണ്ടു ഉടൻ തന്നെ വിഷാദവും വേദനയും വർദ്ധിക്കുകയും ചെയ്തു. ഗൗരിയമ്മയ്ക്കു് അപ്പോൾ ഒരു ബുദ്ധിതോന്നി അവർ പറഞ്ഞു. "മേലാവദ്ദേഹം നിങ്ങളുടെ പള്ളിക്കൂടത്തിലും വന്നില്ലേ? കുറെ ഏറെ നാളായല്ലോ ഈ സർക്കാരുദ്യോഗം നോക്കുന്നു. ഇനിയെങ്കിലും ഒരു ഗ്രാന്റുതരാൻ അദ്ദേഹത്തോടു പറഞ്ഞില്ലേ? ഒരു സർക്കാരുദ്യോഗം നോക്കാതെ നടക്കുന്ന കുഞ്ഞൻ വൈദ്യർക്കുപോലും ഗ്രാന്റു കിട്ടിയല്ലോ!"

"ഒക്കെപ്പറഞ്ഞിട്ടുണ്ടു്" എന്നു മാത്രം ശബ്ദിച്ചുകൊണ്ടു് കുറുപ്പുസാർ അകത്തേക്കു ചെന്നു കിടപ്പുമായി.

"ഇന്നു കരുതി ഒന്നു കടാക്ഷിച്ചേക്കണം. ഇൻസ്പെക്ടർ ആപ്പീസിൽ നിന്നുമുള്ള ഒരു കത്തും കൊണ്ടാണു ഞാൻ വരുന്നതു്." എന്നുപറഞ്ഞുകൊണ്ടു് അഞ്ചൽനാണുപിള്ള ഉടൻ തന്നെ അവിടെ കയറിച്ചെന്നു.

"ദൈവാധീനം! എന്റെ അഞ്ചൽച്ചേട്ടാ" ഗൗരിയമ്മ പറഞ്ഞു, "ഇക്കാര്യം ഇപ്പോൾ ഇവിടെ പറഞ്ഞതേ ഉള്ളൂ."

കുറുപ്പുസാർ ചാടിപ്പുറത്തുവന്നു് അഞ്ചൽ നാണുപിള്ളയുടെ കയ്യിൽനിന്നും എഴുത്തു് തട്ടിപ്പറിച്ചുകൊണ്ടു് അകത്തുചെന്നു് പൊട്ടിച്ചു വായിച്ചു. തന്നെ ജോലിയിൽ നിന്നു, പിരിച്ചുവിടാതിരിക്കുവാൻ വല്ല കാരണവുമുണ്ടെങ്കിൽ ഉടൻ തന്നെ ബോധിപ്പിച്ചുകൊള്ളണമെന്നു്. അയാൾ നിശ്ചേഷ്ടനായി അവിടെ കിടന്നുപോയി.

ഏതായാലും കുറുപ്പുസാർ കിടന്നകിടപ്പിൽ ഒന്നു് നിശ്ചയിച്ചുകഴിഞ്ഞു. അയാൾ പെട്ടെന്നു എഴുന്നേറ്റു് ഗൗരിയമ്മയോടു് പറഞ്ഞു "ഇനിയും നന്ദിനിയെ ചികിത്സിച്ചിട്ടുള്ള വേറിട്ടുള്ള കാര്യം. നാളെത്തന്നെ ഞാനവളെ പട്ടണത്തിലുള്ള മൃഗാശുപത്രിയിലേക്കു് കൊണ്ടുപോകുന്നുണ്ടു്."

ഗൗരിയമ്മയ്ക്കു് വളരെ സന്തോഷമായി. ഉടൻ തന്നെ ഒരു വള്ളവും ശട്ടംകെട്ടി.

പിറ്റേദിവസം ചുമയ്ക്കും മറ്റും ഒരാശ്വാസം. കുറുപ്പുസാർ വളരെ ഉന്മേഷഭരിതനായിക്കാണപ്പെട്ടു. എല്ലാവരും കൂടി കുറുപ്പുസാറിനേയും നന്ദിനിയേയും പട്ടണത്തിലേക്കു് യാത്രയാക്കി.

എന്നാൽ നന്ദിനി പോയപ്പോൾ കാര്യങ്ങൾ ആകപ്പാടെ കുഴപ്പത്തിലായി. ചായക്കടക്കാരനെ പറ്റിച്ചു എന്നുപറഞ്ഞു് അയാൾ വന്നു് ഒരു ശകാരവർഷം നടത്തി. അരിവാങ്ങിക്കുവാൻ കാശില്ലാതിരുന്നിട്ടു് പാലിന്റെ വക കിട്ടാനുണ്ടായിരുന്ന തുക വാങ്ങിക്കുവാൻ കുട്ടനെ ചായക്കടയിലേക്കു് വിട്ടു. എന്നാൽ പാലിന്റെ വില നേരത്തെ കൊടുത്തു പോയെന്നും ഇനി വെള്ളത്തിന്റെ വിലയേ ഉള്ളൂ എന്നും പറഞ്ഞു് കുട്ടനെ ചായക്കടക്കാരൻ വെറും കയ്യോടെ വിട്ടുകളഞ്ഞു. ആകുടുംബം പട്ടിണിയായി. ചികിത്സയ്ക്കു് പോയവരെയും കാണുന്നില്ല.

ഇങ്ങനെ ദിവസങ്ങൾ മൂന്നു കഴിഞ്ഞു. മൂന്നാം ദിവസം കുഞ്ഞുങ്ങൾ "കാക്കി" വച്ചുകൊണ്ടു് ഗൗരിയമ്മയുടെ പുറകും കൂടിയിരുന്നനേരം നന്ദിനി വരുമ്പോൾ പാലുകുടിക്കാമെന്നും അരി വാങ്ങിക്കാമെന്നും പറഞ്ഞു് ഗൗരിയമ്മ അവരെ സമാധാനിപ്പിച്ചുകൊണ്ടിരുന്നു.

അപ്പോൾ ഏതെന്നില്ലാത്ത ഒരാഹ്ലാദത്തോടു കൂടി കുറുപ്പുസാർ കടവിൽ പ്രത്യക്ഷപ്പെട്ടു. നന്ദിനിയെ കാണുവാനുള്ള തിടുക്കത്തിൽ കുഞ്ഞുങ്ങൾ വള്ളക്കടവിലേക്കോടി. എന്നാൽ നന്ദിനി അവിടെ എങ്ങും ഇല്ലായിരുന്നു. കുഞ്ഞുങ്ങൾ വാവിട്ടു കരഞ്ഞുപോയി.

"ഇതെന്തു കൂത്താണു് കുഞ്ഞുങ്ങൾ നിലവിളിക്കുന്നതു്?" എന്നുപറഞ്ഞുകൊണ്ടു ഗൗരിയമ്മ ഇറങ്ങിച്ചെന്നു. കുറുപ്പുസാർ പറഞ്ഞു." ഒന്നുമല്ല അവരുടെയും നിന്റെയും ഭാഗ്യം ഇതാ മേലാവിൽ നിന്നും പുതിയ ഉത്തരവുണ്ടായിരിക്കുന്നു! ശമ്പളക്കയറ്റം!!"

—o—

തുള്ളാനും പാടില്ലേ?*

(കാടൻ പൂച്ച)

ആടാനും പാടില്ലാ പാടാനും പാടില്ലെ—
ന്നാണെങ്കിൽ ഞാനിനി ജീവിക്കില്ല.
ആലപ്പുഴയിൽപ്പോയ്‌വാങ്ങ്—ഹും—ചൂടിഞാൻ
ആലിന്റെകൊമ്പത്തു തൂങ്ങിച്ചാവും
കണ്ണും തുറിച്ചു ഞാൻ തൂങ്ങിനിൽക്കുന്നതു
കണ്ടോട്ടേ ക്രൂരരാം കാരണോന്മാർ
കാറണിവേണിമാരൊന്നിച്ചു കണ്ണനായ്
കാമക്കൂത്താടിഞാനെന്നാലെന്താ?
കള്ളൊരു രണ്ടരക്കുപ്പി കുടിച്ചു ഞാൻ
തുള്ളിക്കളിച്ചു പോകയെന്നാലെന്താ?
ചത്തുപോയ്പ്പോയാൽ ഞാനാടില്ല കുടിക്കില്ലാ
അതുകൊണ്ടേ തകരാറു ഞാൻ കാട്ടുള്ളൂ.
(വൃത്തത്തിലെന്തോ കുറച്ചു കുഴപ്പവും
ചേർത്തിട്ടുണ്ടൊപ്പിക്കാം—സൂക്ഷിച്ചോളിൻ)
ദിവസവും ദിവസവും തരമായാലൊപ്പിക്കും
ശവമായിപ്പോയാലോ നാളെസ്സഖീഞാൻ
ശവമായതു ശവമായതു ചീഞ്ഞളിഞ്ഞിടുമ്പോൾ
ഇവിടെ ചിലമൂക്കുള്ളവർ കുഴിച്ചുമൂടും
* എന്തിനാണീറാങ്ങൾക്കിത്രക്കോറി ഞാൻ
എന്തെങ്കിലുമീവിടത്തിൽ കാട്ടിക്കോട്ടെ
പകലൊക്കെപ്പലതരംവേഷത്തിലന്തസ്സിൽ
പലതരംപല്ലിട്ടുംകാട്ടുമീഞാൻ
അരുണമുഖി തരുണീമണി വാരുണി വന്നെത്തി
യിരുളായാൽ ഞാനൊന്നു മട്ടുമാറും.
വിരവിലൊരു രണ്ടരമൂന്നരക്കുപ്പിഞാൻ
തരമായാൽമോന്താതിരിക്കയില്ല.
തരുണികളെത്തരളായതമിഴികളെത്തഞ്ചത്തിൽ
തരമായാൽ വാട്ടുവാനും തഞ്ചാറില്ല.
അടകിട്ടുവാ—പാടില്ലപാടില്ലെന്നോതാനി—
ച്ചട്ടകിഴവച്ചാരെന്തിന്നു ചാടിവീണു?
കുടിപാടില്ലെന്നുപറയുവാൻവന്നൊരി
ത്തടിമാടന്റെ രണ്ടെണ്ണം പൊട്ടിച്ചാലൊ!
അതിനും തരമില്ലിപ്പോലീസുകാരെന്നെ—
* കുതിരവട്ടത്തേക്കു വലിച്ചിഴക്കും.
അടികൾ പതറുന്നുണ്ടീക്കിഴവനും കുടിച്ചിട്ടു—
ണ്ടെടകേമാ; നീയാരാണെന്നോടോ താൻ.?
ഒരു ദിവസം ചാരായക്കടയിൽ പ്പോയ് മോ
ന്താനും
ഒരു വേശപ്പെണ്ണിനെ പുണരുവാനും.
അതുതന്നെ പറയേണ്ടതാണധികമെന്നാകിൽ
ഞാൻ
ഒരു മുഴം കയറു മുടിച്ചേ നിൽക്കു—(ഹും!)

ആറ്റംബോംബ്

(കുത്താട്ടുകുളം മേരിജോൺ)

മണിമയസദനത്തിൻമുകളിലെനിലയിൽനി–
ന്നുതിരുന്ന ഹസിതത്തിൻ മണികിലുക്കം.
എതിരെയുള്ളോടക്കുള്ളിൽ നിപതിച്ചൊരെച്ചി–
ക്കൂരകളെപ്പതലടരാടി ശുനകന്മാരായ്. (ചില
വണിഗ്ഗുജരപ്രമാണിയാം വാഴനാരിൻവാലയായി
നീരത്തിലേക്കെറിഞ്ഞൊരു നാണയം തേടി
എരിപൊരിവയറൊടെച്ചുമ കിടാത്തിതാനെ
മഴയത്തു നിന്നുതിരഞ്ഞുഴന്നിടുന്നു.
മുതലാളി വനിതതന്നധികാരമുദിതമാം
കരാംഗുലീചാലനമാ ഗൃഹാങ്കണത്തിൽ
തൊഴിലാളി മാതാവിന്റെ മാറിടത്തിൽ നി–
ന്നും പശി
യടങ്ങാത്ത ശിശുവിനെയിറക്കിവിട്ടു.
പ്രാണനാളം കവരുന്ന വേണുഗാനാമൃതം തൂകി
ഗാനലോലനാം ദരിദ്ര ബാലകൻ നിൽക്കെ
തൽകരത്തിൽ നിന്നും തട്ടിയെറികയായാ മുരളി
തോക്കേന്തും സമാധാന പാലകനേകൻ.
ഒരിടത്തു പട്ടിണിയോടടരാടി ജനതതി
മരിക്കുന്നു തെരുതെരെ തെരുവുനീളെ
മറ്റൊരിടത്തമിതമാം ഭക്ഷ്യധാന്യവിഭവ–
ച്ചുട്ടുനീറ്റിക്കളയുന്നു പൊതുനിരത്തിൽ. (ങ്ങൾ
സ്വയരക്ഷക്കൊരു സഹജീവിയെവധിച്ചു പാണി
യുഗളത്തിൽ കാരിരുമ്പു വലയം വീണു.
ഒരു യന്ത്രത്തിരപ്പിനാലൊരു നഗരം മുഴുവൻ
ദഹിപ്പിച്ച ഭടൻ ചൂടി വിജയമുദ്ര.
ആംഗലസംസ്കാരമെത്ര ജയക്കൊടിനാട്ടിയാലും
നീങ്ങിടാതൊരീയുന്നതപരിപാടികൾ,
ആർഷസംസ്കാരങ്ങൾനിന്നു മുറവിളിക്കൂട്ടിയാലും
മാറിടാത്തൊരീയധർമ്മ പരമ്പരകൾ,
അസമത്വ, മടിമത്ത, മുച്ചനീചത്വവൈകൃതങ്ങൾ
ഇവയുടെ പരിണതഫലങ്ങളെല്ലാം
എന്നുമാറും "ആറ്റംബോംബുമനസ്ഥിതി" മർത്ത്യ–
(രിൽ നി–
ന്നന്നുവരെ നിർവ്വിശങ്കം തുടർന്നുപോകും.

അതിനും നിവൃത്തിയില്ല മഫ്ടിപ്പോലീസു—
ണ്ടവരോടോറിഞ്ഞാൽ ഞാൻ പഞ്ഞിയാവും

*ഈറാങ്ങൾ—ഇവർ.

*കുതിരവട്ടം—ബ്രിട്ടീഷ് മലബാറിലെ ഭ്രാന്താസ്പത്രി.—

*പാടാനും പാടില്ലേ? എന്നു ചോദിച്ച ചങ്ങമ്പുഴ മാപ്പാക്കണം.

ഒന്നാംസമ്മാനം 200 ക

രണ്ടാംസമ്മാനം 50 ക. മൂന്നാംസമ്മാനം 25 ക.

1) — — ൻ. നവഗ്രഹങ്ങളിൽ ഒന്നു്.
2) — ള്ള് ഏവർക്കും അനിഷ്ടമാണു്.
3) — ക്ക് എല്ലാവർക്കും ഇതാവശ്യമാണു്.
4) — ക — രം എന്നു് അവസാനിക്കുന്ന ഒരു പദം
5) — — മി പക്ഷങ്ങളിൽ ഒന്നു്.
6) — — ദ — കൂടപ്പിറപ്പ്.

ചിത്രോദയം മാനേജരെ ഏല്പിച്ചിരിക്കുന്ന സീൽവച്ചിരിക്കുന്ന ഉത്തരത്തോടൊത്തു ശരിയായി ഉത്തരം കിട്ടുന്നവർക്കു ഒന്നാംസമ്മാനം. ഒരു തെററു വരുത്തുന്നവർക്കു രണ്ടാംസമ്മാനം. രണ്ടുതെററുകാർക്കു മൂന്നാംസമ്മാനം. ഒരു ഡാഷിനു ഒരു അക്ഷരം ഉപയോഗിച്ചു പൂരിപ്പിക്കാം, ഉത്തരം വെള്ളക്കടലാസിൽ എഴുതണം. ഉത്തരം അയയ്ക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസം വ്യക്തമായി ഉത്തരക്കടലാസിൽ തന്നെ കുറിക്കുക. ഒന്നാംസമ്മാനം ലഭിക്കുന്നവരെ കമ്പിമൂലം വിവരം അറിയിക്കുന്നതായിരിക്കും. ആദ്യത്തെ ഉത്തരത്തിനു് 8 ണ. പിന്നീടുള്ള ഓരോ ഉത്തരങ്ങൾക്കും 4 ണ. വീതം. പണം മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ അഞ്ചൽ ഒരു ചക്രസ്റ്റാമ്പായോ തപാൽ മുക്കാൽ അണ സ്റ്റാമ്പായോ അയയ്ക്കാം. കൊമ്പയിലത്തെ തീരുമാനം അന്ത്യതീരുമാനമായിരിക്കും. അനാവശ്യമെഴുത്തുകൾക്കു മറുപടി അയയ്ക്കുന്നതല്ല. പണത്തോടുകൂടിയല്ലാത്ത ഉത്തരങ്ങൾ സ്വീകരിക്കുന്നതല്ല. ജൂപ്പിററർ ചിത്രപ്രശ്നം നമ്പർ '2' എന്നു പ്രത്യേകം കവറിൽ കുറിക്കണം. ഒരാൾക്കു് ഒന്നിലധികം സമ്മാനം കൊടുക്കുന്നതല്ല. ഒരു സമ്മാനത്തിനു ഒന്നിലധികം സമ്മാനാർഹരുണ്ടെങ്കിൽ സമ്മാനം സമമായി വീതിക്കും.

ഒന്നാംനമ്പർ ചിത്രപ്രശ്നത്തിന്റെ ഉത്തരം ജനുവരി 13-ാംനു-യിലെ ചിത്രോദയത്തിൽ പരസ്യം ചെയ്യുന്നതായിരിക്കും.

Cloring Date 2nd Feb. 1946

മാനേജർ ജൂപ്പിററർ ചിത്രപ്രശ്നം
നമ്പർ 2, കോട്ടയം. P. O.

Printed and Published by P. J Joseph at the Powra Prabha Press Kottayam

REG. T. 7 Licence N 380 Dated 1st March 1959

CHITRODAYAM KOTTAYAM.

മഹനീയമായ നാലാംവാരം.

(നാഗർകോവിലിൽ)

ലക്ഷക്കണക്കായി വന്നുകൂടുന്ന കാണികളുടെ
ഹൃദയത്തിൽ ആനന്ദപുളകം അണിയിക്കുന്ന

ആരവല്ലി

അശോകാ ടാക്കീസിൽ



പി. എം. ചെല്ലപ്പാ.	പി. എസ്. ഗോവിന്ദൻ
മഹാദേവൻ	ശാമ
ബാലസുബ്രമണ്യം	തവമണിദേവി
കാളി എൻ രത്തിനം	ഢൊരരാജ്
എം. ആർ. സന്താനലക്ഷ്മി	രാജകാന്തം

മുതൽപേർ അഭിനയിച്ചത്

DIST:-

SWAMY FILMS
KOTTAYAM